കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1457/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011, തീയതി: 08.12.2017
ഫോൺ:04772252753
ഇ.മെയിൽ – ddhglfalpy@gmail.com

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മുതുകുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1457/2017 തീയതി. 08.12.2017

# ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 19.02.2017 മുതൽ 15.11.17വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ആർ.അശോകൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 16.11.2017മുതൽ 24.11.2017 വരെ | ശ്രീമതി. എൻ. സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. ദീപാ. കെ. ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. രാജി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ, |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| അഡ്വ. ബിബിൻ.സി.ബാബു. | 01/04/2016 മുതൽ 31/03/2017 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. അനിസ്. ജി. | 01/04/2016 മുതൽ 13/06/2016 വരെ |
| 2. | ശ്രീ. രാജീവ്. വി. ആർ. | 13/06/2016 മുതൽ 31/03/2017 വരെ |

## മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | ക്ഷീരവികസന ഓഫീസർ | ടി. കൃഷ്ണകുമാർ | 01.04.2016–04.08.2016 |
| | | കെ.കെ. ഉഷാഭായി | 05.08.2016–11.08.2016 |
| | | വേക്കന്റ് | 12.08.2016–15.08.2016 |
| | | വി.ആർ. അശ്വതി | 16.08.2016–31.03.2017 |
| 2 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | പി.കെ. അനിൽകുമാർ | 01.04.2016–31.03.2017 |
| 3 | മെഡിക്കൽ ഓഫീസർ, സിഎച്ച്സി, മുതുകുളം | ഡോ.ടി.എം.ശോഭന | 01.04.2016–30.11.2016 |
| | | ഡോ.സുലേഖ | 01.12.2016–31.03.2017 |
| 4 | സി.ഡി.പി.ഓ, മുതുകുളം | എ.സെലിൻ സ്റ്റെല്ലാ മേരി | 01.04.2016–31.03.2017 |
| 5 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ഷൈനി.എൻ | 01.04.2016–02.01.2017 |
| | | സോമരാജൻ. ആർ | 03.01.2017–31.01.2017 |
| | | ഷൈനി.എൻ | 01.02.2017–31.03.2017 |
| 6 | എസ്.സി.ഡി.ഒ. | ജലജ.ഡി. | 01.04.2016–30.06.2016 |
| | | സുനിൽകുമാർ.എസ്.എൻ | 01.07.2016–02.02.2017 |
| | | കെ.പ്രസാദ് | 03.02.2017–31.03.2017 |
| 7 | സീനിയർ വെറ്ററിനറി സർജൻ | ഡോ.ബീന | 01.04.2016–31.03.2017 |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക നം. | ഭാഗം – 1 |
|---|---|---|
| 1 | 1-1മുതൽ<br>1-8 വരെ | പൊതുഅവലോകനം |
| | | ഭാഗം – 2 |
| 2 | 2-1 | ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ലഭിച്ചില്ല.നഷ്ടം.43745രൂപ |
| | | ഭാഗം – 3 |
| 3 | 3-1 | ബഡ്ജറ്റിൽ അധികരിച്ച് പദ്ധതിപ്പണം ചെലവഴിച്ചു |
| 4 | 3-2 | സി.ഡി.പി.ഒ ഓഫീസിന്റെ എക്സ്റ്റൻഷൻ പ്രവർത്തികളും അറ്റകുറ്റ പ്പണിയും.ടെണ്ടർ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.നഷ്ടം.48146/-രൂപ |
| 5 | 3-3 | നോൺബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക പൂർണ്ണമായി ബാങ്കിൽ നിക്ഷേപിച്ചില്ല |
| 6 | 3-4 | സാക്ഷരതാ മിഷനിലേക്ക് നൽകിയ അധിക തുക നിരാകരിക്കുന്നു |
| 7 | 3-5 | കരാർകാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ-പുതുക്കിയ പി.ഡബ്ള്യൂ.ഡി.മാന്വൽ പ്രകാരമുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയോ പാലിക്കുകയോ ചെയ്യുന്നില്ല |
| 8 | 3-6 | ഓഫീസ് നവീകരണം - നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 9 | 3-7 | വൃദ്ധസദനത്തിന് കെട്ടിട നിർമ്മാണം - സംയുക്ത പ്രോജക്ടുകൾക്ക് തുക അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല |
| 10 | 3-8 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ-കണ്ടല്ലൂർ കൃഷി ഭവൻവഴി നൽകിയ ആനുകൂല്യങ്ങൾ ക്രമവിരുദ്ധം |
| 11 | 3-9 | വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ വേസ്റ്റ് - MRFC പദ്ധതി - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു |
| 12 | 3-10(എ) | മാതൃകാ വാഴകൃഷിത്തോട്ടം - അർഹതാരേഖകളില്ലാതെ ആനുകൂല്യം നൽകി |
| 13 | 3-10(ബി) | ഇഞ്ചി കൃഷി - അർഹതാരേഖകളില്ലാതെ ആനുകൂല്യവിതരണം നടത്തി. മോണിറ്ററിംഗ് ഇല്ല |
| 14 | 3-11 | സമഗ്രപച്ചക്കറി വികസനം ക്ലസ്റ്ററുകൾ വഴി -പ്രോജക്ടിലെ അപാകതകൾ |
| 15 | 3-12 | വാഹനങ്ങളുടെ ലോഗ് ബുക്കിലെ അപാകതകൾ |
| 16 | 3-13 | ഐ.എ.വൈ ഗ്രാമ -ജില്ലാ പഞ്ചായത്ത് വിഹിതം -വരവ്-ചെലവ് വിവരം |

| | | |
|---|---|---|
| 17 | 3-14 | ഐ.എ.വൈ പദ്ധതി - ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല |
| 18 | 3-15 | വിഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനത – ചെലവ് തുക തടസ്സപ്പെടുത്തുന്നു |
| 19 | 3-16 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു |
| 20 | 3-17 | വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു |
| 21 | 3-18 | റോഡുകളുടെ നവീകരണം പദ്ധതികൾ ചട്ടങ്ങൾക്കും പദ്ധതി നിർദ്ദേശങ്ങൾക്കും വിരുദ്ധം |
| 22 | 3-19 | ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച |
| 23 | 3-20 | വട്ടച്ചാൽ വടക്കൻ കോയിക്കൽ ടെമ്പിൾ സൈഡ് ഡ്രെയിൻ-ഭൂമിയുടെ ലഭ്യത സംബന്ധിച്ച മാന്വലിലെ വ്യവസ്ഥ പാലിച്ചില്ല |
| ഭാഗം – 4 | | |
| 24 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 25 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 29.02.2016 ലെ 1 ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 435154131 | 433883150 |
| വാർഷിക കണക്ക് പ്രകാരം | 94167428 | 94080006 |

ബജറ്റിലെ വരവ്-ചെലവുകളിലുൾപ്പെടുത്തിയ എം.പി, എം.എൽ.എ ഫണ്ട് (മൂന്ന് കോടി), തൊഴിലുറപ്പ് പദ്ധതി വരവ്- ചെലവുകൾ (27,096,9000) എന്നിവ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇവ ഉൾപ്പെടാതെയുള്ള വരവ് - ചെലവുകൾ (യഥാക്രമം 134185131/-, 132914150/-) പരിഗണിച്ചാൽ തന്നെ യഥാർത്ഥ വരവ് ചെലവുകൾ ബജറ്റ് പ്രകാരമുള്ളതിന്റെ 70% മാത്രമാണ്. വാർഷിക കണക്ക് പ്രകാരം 47520872/- രൂപ മുന്നിരിപ്പുള്ളപ്പോൾ ബജറ്റിൽ ഉൾപ്പെടുത്തിയ തുക 1066981/- രൂപയാണ്. യഥാർത്ഥ വരവ്- ചെലവുകളുമായി താരതമ്യം ചെയ്യാതെയാണ് ബജറ്റ് തയ്യാറാക്കുന്നത് എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

ബജറ്റ് എന്നത് വരും വർഷത്തെ പ്രതീക്ഷിത വരവ് -ചെലവുകളാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കിയാൽ വാർഷിക കണക്കുമായുള്ള വലിയ അന്തരം

ഒഴിവാക്കാവുന്നതാണ്. തുടർന്നുള്ള വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുമ്പോൾ ഇത് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നു.(വിശദ വിവരം ഖണ്ഡിക- 4-1 കാണുക)

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 29671488 | 27159516 | 91.53% |
| വികസനഫണ്ട് - എസ്.സി.പി. | 11389341 | 11366042 | 99,79% |
| വികസനഫണ്ട് - ടി.എസ്.പി. | 215148 | 215148 | 100% |
| സംരക്ഷണഗ്രാന്റ് - നോൺറോഡ് | 4615074 | 4615074 | 100% |

## 1-4പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കാത്ത പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 67 | 45891049 | 54 | 43355778 | 9 | 4 | 94.47% |

### 1-5 തനത് വരുമാനം

ബ്ലോക്ക് പഞ്ചായത്തിൽ നികുതി വരവുകളില്ലാത്തതിനാലും, മറ്റ് തനത് വരവുകൾ വളരെ കുറവായതിനാലും ഉൾപ്പെടുത്തുന്നില്ല.

### 1-6 ക്ഷേമപദ്ധതികൾ

--ഇല്ല--

### 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ, ആസ്തി വിവര രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ ഹാർഡ് വെയർ രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ജനറൽ കമ്മറ്റി മിനിട്സ് തീരുമാനങ്ങൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2016-17 വർഷത്തെ മിക്ക കമ്മറ്റികളുടെയും യോഗ നടപടികൾ അവസാനിച്ചതായി രേഖപ്പെടുത്തി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16/8/17- 24/8/17 | 2016-17 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6/7/15 – 13/7/15 | 2012-13 മുതൽ 2014-15 വരെ | 24/8/15 |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക തിരികെ ലഭിച്ചില്ല.നഷ്ടം.43745രൂപ

2016-2017സാമ്പത്തിക വർഷം e-tender ചെയ്ത 11 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ്,വാറ്റ് ഇനത്തിൽ ലഭിച്ച 45930/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഒടുക്കിയ തുകയിൽ ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ടത് നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല.ഈ ഇനത്തിലുള്ള 43745/- രൂപ തിരികെ വാങ്ങി തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബഡ്ജറ്റിൽ അധികരിച്ച് പദ്ധതിപ്പണം ചെലവഴിച്ചു

2016-17 സാമ്പത്തിക വർഷത്തെ താഴെപ്പറയുന്ന പദ്ധതി ചെലവുകൾക്ക് ബജറ്റ് പ്രകാരം വകയിരുത്തിയിരുന്ന തുകയേക്കാൾ ഉയർന്ന തുക ചെലവഴിച്ചു. കേരള പഞ്ചായത്ത് രാജ് നിയമം 1994 വകുപ്പ് 214(5) പ്രകാരം പഞ്ചായത്ത്, ഒരു വർഷത്തിനിടക്ക് അതിന്റെ വരവിനേയോ, അത് ഏറ്റെടുത്തിട്ടുള്ള വിവിധ സർവ്വീസുകൾക്കുള്ള ചെലവിനേയോ സംബന്ധിച്ച് ബഡ്ജറ്റിൽ കാണിച്ചിട്ടുള്ള എസ്റ്റിമേറ്റിൽ മാറ്റം വരുത്തേണ്ടത് അത്യാവശ്യമാണെന്ന് കാണുന്നുവെങ്കിൽ, സ്റ്റാൻഡിങ് കമ്മിറ്റി പുതുക്കിയ ബഡ്ജറ്റ് തയ്യാറാക്കി, അനുവാദം വാങ്ങേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെയാണ് താഴെപ്പറയുന്ന ചെലവുകൾ ചെയ്തിട്ടുള്ളത്. ഈ പ്രോജക്ടുകൾക്കായി ബഡ്ജറ്റിൽ അധികരിച്ച് തുക ചെലവഴിച്ചപ്പോൾ റിവൈസ്ഡ് ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയില്ല. ചട്ടങ്ങൾ പാലിച്ച് ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം നേടുവാനും ബഡ്ജറ്റിനനുസൃതമായി മാത്രം ചെലവുകൾ നിർവ്വഹിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

| പ്രോജക്ടിന്റെ പേര് | ബഡ്ജറ്റ് പ്രകാരം പ്രോജക്ടിനായി വകയിരുത്തിയ തുക | ചെലവ് പത്രിക പ്രകാരം ചെലവഴിച്ചത് |
|---|---|---|
| വിഭിന്നശേഷിയുള്ളവർക്ക് മുച്ചക്രം | 15,00,000 | 2947680 (ജനറൽ - 2691360 എസ്സ്.സി. - 256320) |
| ക്ഷീരവികസനം | 5,00,000 | 10,87,000 |
| പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള വിതരണം | 5,00,000 (റ്റി.എസ്.പി. - 215000 + തനത്ഫണ്ട് - 285000) | 5,00,000 വികസനഫണ്ട് |
| പ്ലാസ്റ്റിക് ഷ്രഡ്ഡിങ് യൂണിറ്റ് | 10,00,000 | 22,06,000<br>ആകെ പദ്ധതി അടങ്കലായ 3250000 രൂപയുടെ 60% |
| വിവിധ കയർ സഹകരണ സംഘങ്ങൾക്ക് ചകിരി വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം | 4,00,000 | 12,50,000 |
| കാർഷിക മേഖല | 10,00,000 | 2104279 |

## **3-2** <u>സി.ഡി.പി.ഒ ഓഫീസിന്റെ എക്സ്റ്റൻഷൻ പ്രവർത്തികളും അറ്റകുറ്റപ്പണിയും.ടെണ്ടർ നടപടികളിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.നഷ്ടം.**48146/-**രൂപ</u>

പ്രോജക്ട്നം.56/16,2/17,54/18

GO(P)no..324/15 dt.30-7-2015ഖണ്ഡിക4(b)പ്രകാരം മരാമത്ത് പ്രവർത്തികളിൽ ഒറ്റടെണ്ടർ ലഭിച്ചാൽ അത് തുറക്കാതെ സൂക്ഷിക്കണമെന്നും,മത്സരസ്വഭാവമുള്ള കൂടുതൽ ടെണ്ടറുകൾ ലഭിക്കുന്നതിനായി ടെണ്ടർ സ്വീകരിക്കുന്നതിനുള്ള തീയതി 15ദിവസം കൂടി നീട്ടുകയോ,റീടെണ്ടർ ചെയ്യുകയോ ചെയ്യണമെന്നും ഇപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾക്കൊപ്പം ആദ്യം ലഭിച്ച ടെണ്ടറും കൂടി പരിഗണിക്കണമെന്നും പ്രത്യേകം നിഷ്കർഷിച്ചിരുന്നു. എന്നാൽ സി.ഡി.പി.ഒ ഓഫീസിന്റെ എക്സ്റ്റൻഷൻ പ്രവർത്തികളും അറ്റകുറ്റ പ്പണിയും എന്നപ്രവർത്തിക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ഈ സർക്കാർ നിർദ്ദേശം പാലിച്ചില്ല. ഈ പ്രവർത്തിക്കായി 2015-16വർഷം 1848000രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 8-9-2015 ൽ ടെണ്ടർക്ഷണിച്ചു. 26-9-2015 ൽ ശ്രീ.നൌഷീർ .ബി. എന്നയാൾ 5.71% കുറവ് ക്വോട്ട് ചെയ്ത ഒരു ടെണ്ടർമാത്രമാണ് ലഭിച്ചത്.തുടർന്ന് 14-12-2016ൽ വർക്ക് റീ ടെണ്ടർ ചെയ്തപ്പോൾ ടെണ്ടർ ഒന്നും ലഭിച്ചില്ല.തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ശ്രീ. എം.കെ .ജയചന്ദ്രൻ 0.27% below യും ഹുസൈൻ അഹമ്മദ് 3.1% below യും ക്വോട്ട്ചെയ്യുകയും ചെയ്തു. രണ്ടു ഓഫറുകൾ മാത്രം ലഭിച്ചതായി കമ്മറ്റിയെ അറിയിക്കുകയും ലഭിച്ച രണ്ടുഓഫർ ടെണ്ടർ മാത്രം പരിഗണിച്ച് കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ഹുസൈൻ അഹമ്മദിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. ആദ്യടെണ്ടറിൽ ലഭിച്ച ടെണ്ടർ കൂടി പരിഗണിച്ചുവേണമായിരുന്നു ടാബുലേഷനും സ്വീകരിക്കലും നടത്തേണ്ടിയിരുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുള്ള വീഴ്ച താഴെ പറയും പ്രകാരം നഷ്ടത്തിനു വഴിതെളിച്ചു.

ആദ്യ ടെണ്ടർ കൂടി പരിഗണിച്ചിരുന്നു എങ്കിൽ നൽകേണ്ടിയിരുന്ന തുക

വർക്കിന്റെ ആകെ മൂല്യം = 1844548/- (as per MBOOK13/16-17)

'ടെണ്ടർ കുറവ് 5.71% = 105324/- രൂപ

നൽകേണ്ടിയിരുന്ന തുക = 1739224/-

അധികചെലവ് = 48146/- രൂപ

## ചെലവു വിവരം

| | |
|---|---|
| billno.3/16-17 തീ.31-12-2016പ്രകാരം | 1103547രൂപ |
| bill.no.4/16-17 തീ.25-2-2017പ്രകാരം | 524890 രൂപ |
| bill.no4 .17-18 തീ. 14-102017 പ്രകാരം | 158933 രൂപ |
| ആകെ | 1787370 രൂപ |

അധികചെലവ് സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-3 നോൺബാങ്കിംഗ് ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക പൂർണ്ണമായി ബാങ്കിൽ നിക്ഷേപിച്ചില്ല

വിവിധ മരാമത്തു വർക്കുകൾക്കായി നോൺബാങ്കിംഗ് ട്രഷറികളിൽ നിന്ന് പിൻവലിക്കപ്പെടുന്ന തുക ഡി.ഡിയാക്കുന്നതിനുള്ള സൗകര്യാർത്ഥം അസിസ്റ്റന്റ് എൻജിനീയറുടെ പേരിൽ മുതുകുളം കോർപ്പറേഷൻ ബാങ്കിൽ ഒരു അക്കൗണ്ട് തുടങ്ങിയിരുന്നു (A/c No. 24800101021837). ട്രഷറിയിൽ നിന്ന് പിൻവലിച്ച താഴെ പറയുന്ന തുകയിൽ 4000/- രൂപ കുറച്ചാണ് ബാങ്കിൽ നിക്ഷേപിച്ചത്.

| ട്രഷറിയിൽ നിന്ന് പിൻ വലിച്ച തുക | ട്രഷറിയിൽ നിന്ന് പിൻവലിച്ച തീയതി | ബാങ്കിൽ നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | കുറവ് |
|---|---|---|---|---|
| 1048370 | 31-12-2016 | 1044370 | 31-12-2016 | 4000 |

ടി തുക 18% പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.

### അക്കൗണ്ടിലെ മറ്റ് അപാകതകൾ

ചെലവു സംബന്ധമായ നടപടി ക്രമങ്ങൾ എല്ലാം പൂർത്തിയാക്കി ട്രഷറിയിൽ നിന്ന് പിൻവലിക്കുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കുകയും 30 ദിവസത്തിനകം ഡി.ഡിയാക്കി നല്കുകയും അതിനുശേഷവും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടക്കുവാനുമാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തുടങ്ങിയിട്ടുള്ള അക്കൗണ്ടിൽ 31-4-2017ൽ 1,12,660/- രൂപ ശേഷിക്കുന്നുണ്ട്. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുകയുടെ വിനിയോഗ വിവരങ്ങൾ രേഖപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. വർഷാവസാനം അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏതിനത്തിലുള്ളതാണെന്നു വ്യക്തമല്ല. ഇത് സംബന്ധിച്ച് മുൻ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു എങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തുകയുടെ ഇന വിവരം ഉറപ്പുവരുത്തി നിയമപരമായ തിരിച്ചടവുകൾ

നടത്തേണ്ടതാണ്.

## 3-4 സാക്ഷരതാ മിഷനിലേക്ക് നൽകിയ അധിക തുക നിരാകരിക്കുന്നു

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് തുല്യതാ പരീക്ഷകളിൽ പഠിതാക്കളുടെ കോഴ്സ് ഫീസും പാഠപുസ്തകങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽ അതിന്റെ തുകയും മാത്രമാണ് സാക്ഷരതാമിഷനിലേക്ക് അടക്കേണ്ടത്. പത്താം തരം തുല്യതയ്ക്ക് അനുവദനീയമായ കോഴ്സ് ഫീസ് 1500/- രൂപയും ഹയർ സെക്കന്ററി തുല്യതയ്ക്ക് അനുവദനീയമായ കോഴ്സ് ഫീസ് 1950/- രൂപയും ആണ്. എന്നാൽ യഥാക്രമം 1600/- രൂപയും (1600x19=30400/-, ചെക്ക് നം.978396/28.09.16) 2150/- (2150x17=36550/-, ചെക്ക് നം.978386/04.06.16) രൂപയുമാണ് ബ്ലോക്ക് പഞ്ചായത്ത് ഓരോ പഠിതാവിനുമായി സാക്ഷരതാ മിഷനിലേക്ക് അടച്ചത്.

രണ്ടു തുല്യതാ പരീക്ഷകളിലും കോഴ്സ് ഫീസിനധികമായി നൽകിയ 5300/- രൂപ (30400-28500 (1500x19) = 1900, 36550-33150 (1950x17) = 3400) ഓഡിറ്റിൽ നിരാകരിക്കുന്നു. കൂടാതെ പഠിതാക്കൾ പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ, സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവഴിച്ച ബാക്കി 61650/- രൂപ (28500 +33150) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

കോഴ്സ് ഫീസിനധികമായി നൽകിയ തുക വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/24.11.2017 ന് മറുപടി നൽകിയില്ല.

## 3-5 കരാർകാലാവധിക്കുള്ളിൽ പൂർത്തിയാകാത്ത വർക്കുകൾ-പുതുക്കിയ പി.ഡബ്ല്യൂ.ഡി.മാന്വൽ പ്രകാരമുള്ള പിഴ സംബന്ധിച്ച വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തുകയോ പാലിക്കുകയോ ചെയ്യുന്നില്ല

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.പി.13/2012 പി.ഡബ്ള്യുഡി/1-2-2012 സെക്ഷൻ 2112പ്രകാരം പൂർത്തീകരണത്തിനുള്ള സമയദീർഘീകരണം ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം ഏതാണോ കുറവ് അതിൽ അധികരിക്കാൻ പാടില്ല എന്നും പരമാവധി ദീർഘീകരണം ഒറിജിനൽ പൂർത്തീകരണ സമയത്തിന്റെ 50% ത്തിൽ അധികരിക്കാൻ പാടില്ല എന്നും, പൂർത്തീകരണ കാലാവധി കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം എന്നും വ്യവസ്ഥ ചെയ്യുന്നു. ഇതിനായി ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കലിനായി അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതും ഇപ്രകാരം അപേക്ഷ നൽകാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്തേണ്ടതുമാണ്. നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന ദീർഘീകരണത്തിന് അപേക്ഷ നൽകുന്ന കേസുകളിൽ പിഴ ആദ്യതവണ പി.എ.സി.യുടെ 1% പരമാവധി 50000/- രൂപയും ആദ്യതവണക്കുശേഷം 2% പരമാവധി 100000/- രൂപ എന്ന ക്രമത്തിലും ഈടാക്കേണ്ടതും മാന്വൽ സെക്ഷൻ 2116.1 പ്രകാരം പ്രവൃത്തിയിൽ നിർദ്ദിഷ്ട പുരോഗതി കൈവരിക്കാത്തതിനോ, സമയപരിധിക്കകം പ്രവൃത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറാത്തതിനോ ഓരോ ആഴ്ചയും കരാർ തുകയുടെ 0.1% (പരമാവധി 10% കരാർ തുക) ലിക്വിഡേറ്റ് ഡാമേജസായി ഈടാക്കേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള മിക്ക വർക്കുകളിലും പിഴ സംബന്ധിച്ച് 2012 നു മുമ്പ് നിലനിന്നിരുന്ന വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വർക്കുകൾ മാസങ്ങളോളം നീണ്ടുപോകുകയും ദീർഘീകരണത്തിന് അപേക്ഷ നൽകുകയോ ദീർഘീകരണം ലഭ്യമാക്കുകയോ ചെയ്യുന്നില്ല. കാലവിളംബത്തിന് ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുന്നുമില്ല.

എ) താഴെപ്പറയുന്ന പട്ടികയിൽ 2015-16സാമ്പത്തിക വർഷം എഗ്രിമെന്റ് വച്ച ക്രമ നം.2 പ്രകാരമുള്ള പ്രവൃത്തിയുടെ ദീർഘീകരണത്തിനായി കരാറുകാരൻ അപേക്ഷ നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃതമായ പിഴ (പി.ഡബ്ല്യൂ.ഡി.മാന്വൽ.സെക്ഷൻ.2112) ഈടാക്കിയില്ല പ്രവൃത്തി ദീർഘിപ്പിച്ച് നൽകിയത്. പട്ടികയിൽ സൂചിപ്പിക്കും പ്രകാരം പിഴ ഈടാക്കണം.

| ക്രമനം. | വർക്കിന്റെ പേര്. | എഗ്രീഡ് PAC | സൈറ്റ് ഹാൻഡ് ഓവർചെയ്ത | പ്രവർത്തി പൂർത്തി | പൂർത്തിയായ തീയതി. | ലിക്വിഡേറ്റഡ് ഡാമേജ്സ് ഫൈൻ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | തീയതി. | യാക്കേണ്ട തീയതി. | | |
| 1 | സി.ഡി.പി.ഒ ഓഫീസിന്റെ എക്സ്റ്റൻഷൻ പ്രവർത്തികളും അറ്റകുറ്റപ്പണികളും<br>കരാറുകാരൻ-<br>ഹുസൈൻ അഹമ്മദ് വള്ളിയിൽ<br>ചെലവുതുക-1766924<br>എം.ബുക്ക്.24/15-16 | 1766924 | 8-2-2016 | 8-8-2016 | 13-3-17 | 31 ആഴ്ച<br>54775/- |
| 2 | ചേപ്പാട്ഗ്രാമ പഞ്ചായത്ത് പതിനഞ്ചിൽ കോളനി പാർശ്വ ഭിത്തി നിർമ്മാണം.<br>കരാറുകാരൻ<br>പ്രദീപ് ,ജ്യോതിസ്<br>എം.ബുക്ക്.നം.22/15-16<br>ചെലവുതുക-2141722 | 2274946 | 27-2-16 | 26-5-2016 | 25-3-2017 | 31 ആഴ്ച<br>17.06.2016 വരെ 1%<br>=22749<br>രണ്ടാംഘട്ടം<br>2%<br>45498<br>=68,247/- |
| | | | | | | 123022/- |

(b)A.E ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക നൽകിയ കത്തിൽ മാർച്ചിനു ശേഷം പ്രവർത്തിക്ക് അനുകൂലമായ കാലാവസ്ഥയായിരുന്നു എങ്കിലും പലപ്രവശ്യം ഫോണിലും നോട്ടീസ് മുഖേനയും പ്രവൃത്തി പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മുഖവിലക്കെടുത്തില്ല എന്നും ഗുരുതരമായ വീഴ്ച വരുത്തി എന്നും ആയതിനാൽ ടിയാനെ പ്രവൃത്തിയിൽ നിന്ന് ഒഴിവാക്കി ടിയാന്റെ റിസ്ക് &കോസ്റ്റിൽ പണി പൂർത്തീകരിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ഈ വിഷയത്തിൽ നടപടി ഒന്നും എടുത്തതായി കാണുന്നില്ല. എം. ബുക്ക് പ്രകാരം ടിയാൻതന്നെ പണി തുടർന്നതായും 13-3-2017-ൽ ദീർഘീകരണത്തിനായി അപേക്ഷനൽകിയിട്ടില്ല. 10-9-2016 തീയതി രേഖപ്പെടുത്തിയ കരാറുകാരന്റെ ഒരു കത്ത് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ഇതിൽ പ്രതികൂല കാലാവസ്ഥ കാരണമാണ് പണി പൂർത്തിയാകാത്തത് എന്നും ജനവരി 2017-ൽ പണി പൂർത്തായായിട്ടുണ്ട് എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 9/2016 - ന് നൽകിയ കത്തിൽ 2017ൽ പണിപൂർത്തിയായതായി പറഞ്ഞിട്ടുള്ളതിനാൽ ദീർഘീകരണത്തിന് അപേക്ഷിച്ച എന്ന് വരുത്തുന്നതിനായി കത്ത് പഴയ തീയതി രേഖപ്പെടുത്തി പണി പൂർത്തിയായ ശേഷം സമർപ്പിച്ചതാണെന്ന വ്യക്തമാണ്. സമയബന്ധിതമായി പണി പൂർത്തിയാക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയതായി A.Eയുടെ റിപ്പോർട്ടിൽ നിന്ന് വ്യക്തമായതിനാൽ ടിയാൻ യാതൊരു വിധ ഇളവിനും അർഹനല്ല. ആയതിനാൽ ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കി തനതു ഫണ്ടിൽ ഒടുക്ക് വരുത്തണമായിരുന്നു. കരാറുകാരനിൽ നിന്ന് പട്ടിക ക്രമനം.1പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കി പഞ്ചായത്തിൽ ഒടുക്കു വരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അധിക ചെലവ് ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## **3-6** <u>ഓഫീസ് നവീകരണം - നിർവഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല</u>

പ്രോജക്ട് നം.56/17

നിർവഹണം - സെക്രട്ടറി.

790752/- (ബിൽ നം.27/16-17 തീയതി 28.02.17)

538226/- (ബിൽ നം.42/16-17 തീയതി 27.03.17)

ഐ.എസ്.ഒ ജനസൗഹൃദ അന്തരീക്ഷം എന്ന ലക്ഷ്യത്തിൽ 16,50,000/-രൂപ അടങ്കലുള്ള പദ്ധതി അക്രഡിറ്റഡ് ഏജൻസി വഴി നടപ്പാക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, അംഗങ്ങൾ, എന്നിവരുടെ മുറികളുടെ നവീകരണവും ഫർണീച്ചർ വാങ്ങലും നടത്തിയതിന് പുറമേ റിക്കാർഡ് റൂം സജ്ജീകരണവും സെർവർ റൂം പാർട്ടീഷനം നടത്തിയിട്ടുണ്ട്. നിർവഹണ ഏജൻസി സിഡ്കോയാണ്.

ധനകാര്യ വകുപ്പിന്റെ GO(P) No. 311/2014, തീയതി. 30-07-2014 പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ വഴി പദ്ധതികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പുതുക്കി നിശ്ചയിച്ചിരുന്നു. ഇത് പ്രകാരമുള്ള നിബന്ധനകൾ ഇവിടെ പാലിച്ചിട്ടില്ല. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.നിർവഹണത്തിന്റെ ഭാഗമായി തങ്ങളുടെ ആവശ്യകത കണക്കാക്കി ചെയ്യേണ്ട പ്രവർത്തികളുടെയും വാങ്ങാനുദ്ദേശിക്കുന്ന സാധനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി സ്ഥാപനത്തിൽ നിന്നും ഒരു എസ്റ്റിമേറ്റ് വാങ്ങിയില്ല.

2.പ്രസ്തുത ഉത്തരവ് ഖണ്ഡിക നം. 13 പ്രകാരം ഈ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഏജൻസിയുമായി കരാർ വയ്ക്കണമെന്നും, പ്രവർത്തിക്ക് ഒരു നിശ്ചിത ഡിഫക്ട് ലയബിലിറ്റി പിരീഡും, 5വർഷത്തെ നിരീക്ഷണകാലാവധിയും നിശ്ചയിച്ച് കരാറിൽ ഉൾപ്പെടുത്തണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഓഫീസ് നവീകരണം SIDCO വഴി നടപ്പിലാക്കിയപ്പോൾ ഇപ്രകാരം ഒരു കരാർ ഒപ്പു വച്ചിട്ടില്ല. SIDCO മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി തയ്യാറാക്കിയിട്ടുള്ള ഒരു കരാർ മാതൃകയാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഇതിൽ ആവശ്യമായ വിവരങ്ങൾ എഴുതിചേർക്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പുവച്ച് ആധികാരികമാക്കുകയോ ചെയ്തിട്ടില്ല.

3.അക്രഡിറ്റഡ് എജൻസികൾ വഴിയുള്ള വർക്കുകൾക്ക് അഡ്വാൻസായി 20% വും തുടർന്നുള്ള പ്രവർത്തികൾക്ക് യഥാർത്ഥത്തിൽ ചെയ്ത പ്രവർത്തിയുടെ മൂല്യം എസ്റ്റിമേറ്റ് തുകയുടെ 15% ത്തിൽ ലിമിറ്റ് ചെയ്ത് 5 ഗഡുക്കളായി നൽകാവുന്നതും ബാക്കിയുള്ള 5% പെർഫോമൻസ് ഗ്യാരന്റിയായി ഒബ്സർവേഷൻ പിരീഡ് കഴിയുന്നതുവരെ സൂക്ഷിക്കണമെന്നും അതിനുശേഷം മാത്രമേ റിലീസ് ചെയ്യാൻ പാടുള്ളൂ എന്നും ഖണ്ഡിക 14 - ൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ ഇവിടെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും SIDCOക്ക് ഒരുമിച്ച് നൽകി. പെർഫോമൻസ് ഗ്യാരന്റിയായി തുകയൊന്നും വകയിരുത്തിയില്ല.

നിർവഹണത്തിലെ അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം.2/20.11.17 ന് മറുപടി നൽകി.

സർക്കാർ ഉത്തരവ് ശരിയായ വിധത്തിൽ പാലിക്കാത്തതുമൂലം പ്രവർത്തികൾക്ക് ഒബ്സർവേഷൻ പിരീഡിനുള്ളിൽ സംഭവിക്കുന്ന അപാകതകൾ നിർവ്വഹണ ഏജൻസി പരിഹരിക്കാൻ തയ്യാറാകാത്ത സാഹചര്യം ഉണ്ടായാൽ പ്രസ്തുത നഷ്ടം ശരിയായ രീതിയിൽ കരാർ വയ്ക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായിരിക്കും. ചെലവു തുക 13,28,978/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 വൃദ്ധസദനത്തിന് കെട്ടിട നിർമ്മാണം - സംയുക്ത പ്രോജക്ടുകൾക്ക് തുക അനുവദിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം.89/17.

നിർവഹണം - സെക്രട്ടറി.

35,00,000/- (ബിൽ നം.35/16-17 തീയതി 18.03.17)

15,00,000/- (ചെലാൻ നം. 1617M/29.03.17)

ജില്ലാപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത്

വിഹിതമായി 35,00,000/- രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 15,00,000/- രൂപയുമാണ് വകയിരുത്തിയത്. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയാണ് നിർമ്മാണ ചുമതല ഏല്പിച്ചിരുന്നത്. (19.01.17 ലെ 4(1)-ാം നമ്പർ കമ്മിറ്റി തീരുമാനം) പി.ഡബ്ല്യൂ.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് (50,00,000/-) അനുസരിച്ച് ബ്ലോക്ക് പഞ്ചായത്ത് വിഹിതവും ജില്ലാ പഞ്ചായത്ത് വിഹിതവും പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. പത്തിയൂർ ഗ്രാമപഞ്ചായത്തിലെ സർവേ നമ്പർ 556/1 ൽ പ്പെട്ട പന്ത്രണ്ട് സെന്റ് സ്ഥലമാണ് പദ്ധതിക്കായി വിട്ടു നൽകിയിട്ടുള്ളത്. സംയുക്ത പ്രോജക്ടുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ, ധനകാര്യവകുപ്പിന്റെ 19.05.15 ലെ ജി.ഒ(പി) നം.187/2015 ഉത്തരവിലെ വ്യവസ്ഥകൾ എന്നിവ പാലിച്ചില്ല എന്നത് ഫയലിൽ നിന്നും വ്യക്തമാകുന്നു.

പദ്ധതി നിർവഹണത്തിലെ അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1.നിർമ്മാണ പ്രവർത്തിയുടെ ചുമതല ഏൽപിച്ച പൊതുമരാമത്ത് വകുപ്പുമായി പൂർത്തീകരണ കാലാവധിയുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല.

2.തദ്ദേശ സ്ഥാപനങ്ങൾക്ക് തങ്ങളുടെ ചുമതലയിലുള്ള പ്രവർത്തികളുടെ നിർവഹണത്തിന് എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ നിർമ്മാണ പ്രവർത്തിയുടെ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപിച്ചു.

3.സംയുക്തപ്രോജക്ടിൽ കുറഞ്ഞ വിഹിതം വകയിരുത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിച്ച ശേഷം മാത്രമേ കൂടിയ വിഹിതം വകയിരുത്തിയ സ്ഥാപനത്തിന്റെ വിഹിതം ചെലവഴിക്കാവൂ എന്നാണ് വ്യവസ്ഥ. ഇതിനു വിരുദ്ധമായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം രണ്ടു സ്ഥാപനങ്ങളുടെയും വിഹിതം മുൻകൂറായി പൊതുമരാമത്ത് വകുപ്പിന് നൽകി.

4.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം വിട്ടു നൽകിയതിനാൽ പത്തിയൂർ പഞ്ചായത്തും പദ്ധതിയിൽ പങ്കാളിയാണ്. ജില്ലാ പഞ്ചായത്തുമായി 22.03.17-ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. വൃദ്ധസദനത്തിന്റെ ഉടമസ്ഥാവകാശം, നടത്തിപ്പ് തുടങ്ങിയ കാര്യങ്ങൾ ഭാവിയിൽ തർക്കവിഷയങ്ങളാകാം. എന്നാൽ ഇവ സംബന്ധിച്ച് ഗ്രാമ പഞ്ചായത്തുമായി കരാർ ഒപ്പുവെച്ചിട്ടില്ല.

5. കരാറിലേർപ്പെടാത്തതിനാലും മുൻകൂർ തുക നൽകിയിരിക്കുന്നതിനാലും ഉത്തരവ് പ്രകാരം പാലിക്കേണ്ട പാർട്ട് പേമെന്റ് വ്യവസ്ഥ പലിച്ചില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/20.11.2017 നുള്ള മറുപടിയിൽ, പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ വകുപ്പായതിനാൽ നിർമ്മാണ പ്രവർത്തികൾ പെട്ടെന്ന് പൂർത്തിയാക്കും എന്നതിനാലുമാണ് നിർമ്മാണ ചുമതല പൊതുമരാമത്ത് വകുപ്പിനെ ഏൽപിച്ചത് എന്ന് അറിയിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തികളുടെ നിർവഹണ ചുമതല എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിനായിരിക്കെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

എന്നാൽ, നിർമ്മാണം ആരംഭിക്കുന്നതിനായുള്ള ഇ-ടെന്റർ കഴിഞ്ഞതായി മാത്രമാണ് വൃദ്ധസദനത്തിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച് മറുപടി നൽകിയത്. പണം നൽകി ഏഴു മാസം പൂർത്തിയായിട്ടും ടെന്റർ നടപടികൾ മാത്രമേ ആയിട്ടുള്ളൂ എന്ന മറുപടിയിൽ നിന്നു തന്നെ നിർമ്മാണ പ്രവർത്തികളുടെ കാലതാമസം വ്യക്തമാകുന്നു.

സംയുക്ത പ്രോജക്ടുകളുടെ നിർവഹണത്തിലെ മാർഗനിർദ്ദേശങ്ങൾ പാലിക്കാത്തതിനാലും വൃദ്ധസദനത്തിന്റെ നിർമ്മാണം ആരംഭിക്കാത്തതിനാലും മുൻകൂർ നൽകിയ 50,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ പദ്ധതികൾ-കണ്ടല്ലൂർ കൃഷി ഭവൻവഴി നൽകിയ ആനുകൂല്യങ്ങൾ ക്രമവിരുദ്ധം

മുതുകുളം ബ്ലോക്ക് ADA വഴി നടപ്പിലാക്കിയ വിവിധ കാർഷിക പദ്ധതികൾ അതാത് കൃഷി ഓഫീസർമാർ മുഖേനയാണ് നടപ്പിലാക്കിയത്. കണ്ടല്ലൂർ കൃഷി ഭവൻ വഴി നൽകിയ ആനുകൂല്യങ്ങൾ ലഭിച്ചവരുടെ വിശദാംശങ്ങൾ ഹാജരാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കണ്ടല്ലൂർ പഞ്ചായത്തിലെ ഗുണഭോക്തൃലിസ്ററ് പ്രകാരം ഇഞ്ചി, വാഴ ഇവയുടെ ഗുണഭോക്തൃലിസ്ററിൽ 20 കുടുംബശ്രീ, JLG ഗ്രൂപ്പുകൾ ഉണ്ട്. എന്നാൽ ADAനടപ്പിലാക്കിയ എല്ലാ പ്രോജക്ടുകളുടെയും ആനുകൂല്യം തണൽ അഗ്രോവെറ്റ് സൊസൈറ്റി എന്ന രജിസ്റ്റേർഡ് സംഘടനക്കാണ് നൽകിയത്. ഇത് ഗുണഭോക്തൃ ലിസ്ററിൽ 16-ാമതായി ഉൾപ്പെട്ടിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിലുള്ള മറ്റു ഗ്രൂപ്പുകളെ എല്ലാം ഒഴിവാക്കി എല്ലാ പ്രോജക്ടുകളും വഴിയുള്ള ആനുകൂല്യം ഒരു രജിസ്റ്റേർഡ് സംഘടനക്ക് നൽകിയത് ക്രമപ്രകാരമല്ല. സർക്കാർ അനുകൂല്യങ്ങൾ സാധാരണക്കാരിലേക്ക് എത്തുന്നതിനു പകരം ചിലരിലേക്കുമാത്രം കേന്ദ്രീകരിക്കുന്ന പ്രവണത ഒഴിവാക്കപ്പെടണം. ക്രമവിരുദ്ധ ചെലവ് 62,665/-രൂപ അംഗീകരിക്കുന്നില്ല.

കണ്ടല്ലൂർ കൃഷി ഭവൻ വഴി നൽകിയ ആനുകൂല്യ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് | നൽകിയ ആനുകൂല്യം | ആനുകൂല്യം കൈപ്പറ്റിയത് | സബ്സിഡി തുക |
|---|---|---|---|---|
| 1 | മാതൃകാപച്ചക്കറി ത്തോട്ടം<br>ആകെ സബ്സിഡി - 3 | I packet seed @ RS.1000.<br>500KG ജൈവവളം<br>5kgസ്യൂഡോമോണാസ്. | ആനന്ദചന്ദ്രൻ, തണൽ അഗ്രോവെറ്റ് സൊസൈറ്റി | 10850 |
| 2 | വാഴ കൃഷി<br>ആകെ സബ്സിഡി - 314195<br>17 ഗ്രൂപ്പുകൾക്ക് | 200 വാഴ വിത്ത്.<br>1000kg ജൈവവളം | ആനന്ദചന്ദ്രൻ, തണൽ അഗ്രോവെറ്റ് സൊസൈറ്റി | 20835 |
| 3 | ഇഞ്ചി കൃഷി.<br>(ആകെ 11യൂണിറ്റ് ആനുകൂല്യം നൽകി.ഇതിൽ 4യൂണിറ്റും ഒരു സംഘടനക്കാണ് നൽകിയത്).<br>സബ്സിഡി ചെലവ് 367540<br>ഒരു യൂണിറ്റിന് 3995/-രൂപ നിരക്കിൽ 92 ഗ്രൂപ്പുകൾക്ക് നൽകി | 35kg ഇഞ്ചി വിത്ത്<br>150kg ജൈവവളം<br>2kgസ്യൂഡോമോണാസ്. | ആനന്ദചന്ദ്രൻ, തണൽ അഗ്രോവെറ്റ് സൊസൈറ്റി | 3995 |
| | | 35 kg ഇഞ്ചി വിത്ത്<br>150kg ജൈവവളം<br>2kgസ്യൂഡോമോണാസ്. | ബാലകൃഷ്ണൻ,തണൽ അഗ്രോവെറ്റ് സൊസൈറ്റി. | 3995 |
| | | 35kg ഇഞ്ചി വിത്ത്<br>150kg ജൈവവളം<br>2kgസ്യൂഡോമോണാസ്. | വിജയൻ,തണൽ അഗ്രോവെറ്റ് സൊസൈറ്റി | 3995 |
| | | 35kg ഇഞ്ചി വിത്ത്<br>150kg ജൈവവളം<br>2kgസ്യൂഡോമോണാസ്. | വിജയൻനായർ,തണൽ അഗ്രോവെറ്റ്സൊസൈറ്റി | 3995 |
| 4 | സമഗ്രപച്ചക്കറി കൃഷി | 30യൂണിറ്റ് (300എണ്ണം)(1 | ആനന്ദചന്ദ്രൻ,തണൽ | 15000 |

| | | | | |
|---|---|---|---|---|
| | ഗ്രോബാഗ് വിതരണം (ആകെ 238യൂണിറ്റ് വിതരണം ചെയ്തു) | bag @ Rs.50 subsidy) | അഗ്രോവെറ്റ് സൊസൈറ്റി | |
| | | | | 62,665/- |

2.സബ്സിഡി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായ വിതരണം

GO (MS)NO.4/2016 LSGD dtd 11-1-2016 സബ്സിഡി നിർദ്ദേശങ്ങൾ പ്രകാരം നാമമാത്ര കർഷകർക്കും, കുടംബശ്രീ അയൽക്കൂട്ടങ്ങൾക്കും, കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകൾക്കും മാത്രമേ വിത്തിനങ്ങളും വളവും സബസിഡിയിൽ നൽകുവാൻ പാട്ടുള്ളൂ. എന്നാൽ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് വിത്തും, തൈകളും, വളവും വില്പന നടത്തുന്ന തണൽ അഗ്രോവെറ്റ് സൊസൈറ്റി എന്ന ഒരു സ്ഥാപനത്തിനാണ് ആനുകൂല്യങ്ങൾ നൽകിയത്.

3.വ്യാജരേഖ തയ്യാറാക്കി ഓഡിറ്റിന് നൽകി

ആനുകൂല്യ വിതരണ രേഖകളായ അപേക്ഷയും, കൃഷി ഭൂമിയുടെ വിവരം, കൃഷി ഓഫീസറുടെ റിപ്പോർട്ട് എന്നിവ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾക്കൊപ്പം ഇല്ലായിരുന്നതിനാൽ ഇവ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ടി പദ്ധതികൾ നടപ്പിലാക്കിയത് ഗ്രാമപഞ്ചായത്ത് കൃഷി ഓഫീസർമാർ മുഖേനയാണെന്നും കൃഷി ഭവനിൽ സൂക്ഷിച്ചിരിക്കുന്ന രേഖകൾ അവിടെ നിന്നും ശേഖരിച്ച് ഹാജരാക്കുന്നതാണ് എന്ന് അറിയിക്കുകയും തുടർന്ന് കണ്ടല്ലൂർ കൃഷി ഭവനിൽ നിന്നുള്ള രേഖകൾ ഹാജരാക്കുകയും ചെയ്തു. 2017മാർച്ച് മാസം ആനുകൂല്യം വിതരണം ചെയ്യുന്നതിനായി സമാഹരിച്ച സൂക്ഷിച്ചതായി ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളിൽ അപേക്ഷകൾ എല്ലാം തന്നെ ഒരേ കൈപ്പടയിൽ തയ്യാറാക്കിയവയും ഇവക്കൊപ്പം കൃഷി ഭൂമിയുടെ വിവരത്തിനായി 2017ഒക്ടോബർ മാസം കരം ഒടുക്കിയ രസീതിന്റെ പകർപ്പുമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ആനുകൂല്യ വിതരണത്തിനു ശേഷമാണ് അർഹതാരേഖകൾ തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. അപേക്ഷകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടില്ല. മേൽ വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും, ആനുകൂല്യവിതരണം നടത്തുകയും, വ്യാജരേഖകൾ തയ്യാറാക്കുകയും ചെയ്ത കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് മുൻ കൃഷി ഓഫീസർ ശ്രീമതി.സുമാറാണിയ്ക്കെതിരെ യുക്തമായ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

## 3-9 വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്, ഇ വേസ്റ്റ് - MRFC പദ്ധതി - ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.82/17

നിർവഹണം - സെക്രട്ടറി.

89600/- (ബിൽ നം.40/16-17 തീയതി 24.03.17)

19,50,000/- (ബിൽ നം.45/16-17 തീയതി 31.03.17)

1,66,400/- (ബിൽ നം.48/16-17 തീയതി 31.03.17)

പ്ലാസ്റ്റിക് മാലിന്യങ്ങളും ഇ വേസ്റ്റും സംഭരിക്കുന്നതിനും പുനരുപയോഗിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക വഴി മാലിന്യപ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യത്തിലാണ് പ്രോജക്ട് വിഭാവനം ചെയ്തത്. വ്യവസായ കോംപ്ലക്സിൽ ആണ് യൂണിറ്റ് സ്ഥാപിക്കാനുദ്ദേശിച്ചത്. ഐ.ആർ.റ്റി.സി, പാലക്കാട് എന്ന സ്ഥാപനത്തിനാണ് നിർവഹണ ചുമതല നൽകിയത്. സ്ഥാപനവുമായി 27.03.17 - ൽ നിർവഹണ ഉദ്യോഗസ്ഥൻ ഏർപ്പെട്ട കരാറനുസരിച്ച് അടങ്കൽ തുക (39,00,000/-) യുടെ 60% മുൻകൂറായും ആയതിന്റെ 90% വിനിയോഗിച്ചതായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത ഗഡുവും നൽകണം. ഇത് പ്രകാരം 19,50,000/- രൂപ നിർവഹണ ഏജൻസിക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. സ്ഥാപനം 03.04.17 – ൽ തുക കൈപ്പറ്റിയതിന്റെ രസീതും (നം.204) ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ 28.02.17, മാർച്ച് 4,6,7,8,9 തീയതികളിലെ ബോധവൽക്കരണ പരിപാടികൾക്കായി 89600/- രൂപയും ബോധവൽക്കരണ ബ്രോഷർ അടിച്ചതിന് 1,66,400 /- രൂപയും വികസനഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും പദ്ധതി

നിർവഹണം ആരംഭിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നം.3/20.11.2017 - ന് മറുപടി നൽകിയത്.

## നിർവഹണത്തിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.പന്ത്രണ്ടാം പദ്ധതി മാർഗരേഖയിൽ വ്യാവസായിക അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് - ഇ വേസ്റ്റ് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ നിർദ്ദേശങ്ങൾ ഇല്ല. ജി.ഒ(എം.എസ്) 4/2016. ഖ.11.12(v) പ്രകാരം മാലിന്യനിർമ്മാർജ്ജന പ്ലാന്റുകളുടെ നിർമ്മാണത്തിനായുള്ള ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകാം എന്നു മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്.
2. 12-ാം പദ്ധതി നിർദ്ദേശം [ജി.ഒ(എം.എസ്)4/2016] ഖണ്ഡിക 11.12(VII) പ്രകാരം മാലിന്യനിർമ്മാർജ്ജന പ്രോജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥർ സ്ഥാപനത്തിലെ എഞ്ചിനീയറായിരിക്കണം. എന്നാൽ ഇതിനു വിരുദ്ധമായി യാതൊരു സാങ്കേതികജ്ഞാനവുമില്ലാത്ത സെക്രട്ടറിയാണ് പദ്ധതി നടപ്പാക്കിയത്.

3.സ.ഉ(സാധ) നം.1641/17/ത.സ്വ.ഭ.വ 19.05.17 ലെ ഉത്തരവ് പ്രകാരം ടെന്റർ നടപടികൾ കൂടാതെ മാലിന്യ സംസ്കരണ പ്രോജക്ടുകളുടെ നിർവഹണം ഏറ്റെടുത്ത് നടത്തുന്നതിന് ക്ലീൻ കേരള കമ്പനിക്കാണ് ചുമതല നൽകിയത്. ഐ.ആർ.റ്റി.സി, പാലക്കാട് എന്ന സ്ഥാപനത്തെ ഈ പദ്ധതിയുടെ അക്രഡിറ്റഡ് ഏജൻസിയായി തെരഞ്ഞെടുത്തതിന്റെയും സ്ഥാപനത്തിന് തുക മുൻകൂർ നൽകുന്നതിന് അനുവാദം നൽകിയും ഉള്ള ഉത്തരവ് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.11/21.11.17 ന് ഖരമാലിന്യ സംസ്കരണത്തിന്റെ നിർവഹണത്തിൽ അക്രഡിറ്റഡ് ഏജൻസി ആയി പ്രസ്തുത സ്ഥാപനത്തിന് ചുമതല നൽകി കൊണ്ടുള്ള തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14743/ഡി.പി/07/എൽ.എസ്.ജി.ഡി/24.03.2007നമ്പർ കത്ത്-3081/03/LSGD/ 25.08.2003 ഉത്തരവ് ആണ് ഹാജരാക്കിയത്. പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങൾ പ്ലാസ്റ്റിക്- ഇ വേസ്റ്റ് സംസ്കരണത്തിനായുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് ബാധകമാകുന്നില്ല.

4. ഈ പദ്ധതിയുടെ ഭാഗമായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് തുക ചെലവിടുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവ് ഹാജരാക്കാനാവശ്യപ്പെട്ടുവെങ്കിലും മതിയായ വിശദീകരണം നൽകിയില്ല. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മാലിന്യ നിർമ്മാർജന പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ഏറ്റെടുത്തത് എന്നാണ് മറുപടി നൽകിയത്. (ഓഡിറ്റ് അന്വേഷണം നം.11/24.11.17) ബോധവത്കരണ ബ്രോഷർ അച്ചടിച്ചതിന് തന്നെ 1,66,400/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിൽ ഒഴികെ ബോധവത്കരണത്തിനായി പദ്ധതിവിഹിതം വിനിയോഗിക്കരുത് എന്ന് നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് ചെലവു നടത്തിയത്. സർക്കാർ മാർഗനിർദ്ദേശങ്ങളില്ലാതെ വികസനഫണ്ടിൽ നിന്നും ബോധവത്കരണ പരിപാടികൾക്ക് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല.

5. 19.05.17 - ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് നിർവഹണത്തിനായി ക്ലീൻ കേരള കമ്പനി തയ്യാറാക്കിയ സാമ്പത്തിക വിശകലനത്തിൽ 9,82,943/- രൂപയാണ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള ചെലവായി ഉൾപ്പെടുത്തിയത്. ഇവിടെ സ്ഥാപനം നൽകിയ പ്രൊപ്പോസലിൽ മെഷീൻ സ്ഥാപിക്കുന്നതിനുള്ള ചെലവ് 23 ലക്ഷം രൂപയാണ്. രാജ്യത്തെ തന്നെ ഏറ്റവും നവീനവും നൂതനവും അപകട രഹിതവുമായ മെഷീനാണ് ഐ.ആർ.റ്റി.സി സ്ഥാപിക്കുന്നത് എന്നാണ് മറുപടി നൽകിയത്. സർക്കാർ തലത്തിൽ നിശ്ചയിച്ചുനൽകുന്ന യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം യൂണിറ്റുകളിലേക്ക് ആവശ്യമായ യന്ത്രങ്ങൾ വാങ്ങി സ്ഥാപിക്കാൻ കഴിയുകയുള്ളൂ. സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ ബാധ്യസ്ഥമായ തദ്ദേശ സ്ഥാപനത്തിന് ഈ വിഷയത്തിൽ സ്വന്തം നിലയിൽ തീരുമാനങ്ങൾ നടപ്പാക്കാൻ കഴിയില്ല.
6.മാലിന്യപ്ലാന്റിന്റെ കപ്പാസിറ്റി സംബന്ധിച്ചോ, ബ്ലോക്ക് പഞ്ചായത്തിന് ഇത്രയധികം കപ്പാസിറ്റിയുള്ള പ്ലാന്റ് ആവശ്യമുണ്ടോ എന്നത് സംബന്ധിച്ചും പഠനം നടത്തിയിട്ടില്ല.

7.മൊത്തം തുകയുടെ 90% കൈപ്പറ്റി ആറു മാസത്തിനകം ഈ മെഷീൻ സ്ഥാപിക്കാമെന്നാണ് കരാറിൽ പറഞ്ഞിട്ടുള്ളത് എന്നാണ് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അറിയിച്ചത്.എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയ കരാറിൽ പൂർത്തീകരണ കാലാവധി പറയുന്നില്ല.

സർക്കാർ നിർദ്ദേശങ്ങളുടെ അഭാവത്തിൽ മുൻകൂർ അനുമതി നേടാതെ നടപ്പാക്കുന്ന പദ്ധതിക്കായി

വിനിയോഗിച്ച 22,06,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10(എ) മാതൃകാ വാഴകൃഷിത്തോട്ടം - അർഹതാരേഖകളില്ലാതെ ആനുകൂല്യം നൽകി

ചെലവ് വിവരം

ബിൽ നം.1/16-17 തീയതി.30.03.17 – 354195/- രൂപ

മാതൃക വാഴകൃഷിത്തോട്ടം (പ്രോജക്ട് നം. S0074/17) പ്രോജക്ടിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്തിലെ 17 ഗ്രൂപ്പുകൾക്കായി 3400 വാഴകന്നുകളും (ഒരു വാഴവിത്തിന് 9.9 രൂപ) 17000 kg വേപ്പിൻപിണ്ണാക്കും (1kg @25.8) വിതരണം ചെയ്തിട്ടുണ്ട്. ഒരു യൂണിറ്റിൽ 1000 kg ഓർഗാനിക് മാനുവറും 200 വാഴവിത്തുമാണ് നൽകുന്നത്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 17ഗ്രൂപ്പുകൾക്ക് ഒരു യൂണിറ്റ് വീതമാണ് നൽകിയിരിക്കുന്നത്. ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗ്രൂപ്പുകൾക്ക് അപേക്ഷയും ആവശ്യമായ രേഖകളും ഇല്ലാതെയാണ് ആനുകൂല്യം നൽകിയത്. വിശദവിവരം ചുവടെ ചേർക്കുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8ഗ്രാമപഞ്ചായത്തുകളിലെയും കൃഷിഓഫീസർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത് എന്നും ഓഡിറ്റിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ സമാഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ താഴെ പറയുന്ന കൃഷി ഭവനുകളിൽ നിന്നും അവശ്യവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ആനുകൂല്യം ലഭിച്ച ഗ്രൂപ്പ്/വ്യക്തികളുടെ വിവരം | അപാകതകൾ |
|---|---|---|---|
| 1 | ആറാട്ടുപുഴ | സ്വരാജ് മിഷൻ, വാർഡ് - 15 | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് |
| 2 | ദേവികുളങ്ങര | ഉദയം ഗ്രൂപ്പ്,വാർഡ് - 6 | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമി യുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് |
| | | ശിവപാർവ്വതി കാർഷിക സംഘം, വാർഡ് - 11 | |
| | | അക്ഷയശ്രീ,വാർഡ് - 13 | |
| 3 | മുതുകുളം | ഭാവന പുരുഷ സംഘം | രണ്ട് ഗ്രൂപ്പും അപേക്ഷ ഹാജരാക്കിയിട്ടുണ്ടെങ്കിലും അപേക്ഷയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. |
| | | മഹാത്മ ഗാന്ധി കർഷക | അപേക്ഷയോടൊപ്പം വേണ്ട മുകളിൽ ചേർത്തിരിക്കുന്ന |

| | | | |
|---|---|---|---|
| | | ഗ്രാമശ്രീ | മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 4 | പത്തിയൂർ | സമദ, വാർഡ് - 9<br>ദേശാഭിമാനി പുരുഷ സ്വയംസഹായസംഘം, വാർഡ് - 13<br>ദേവി JLG, വാർഡ് -3<br>പുലരി വനിത സ്വയം സഹായസംഘം, വാർഡ്-10 | രണ്ട് ഗ്രൂപ്പും അപേക്ഷ ഹാജരാക്കിയിട്ടുണ്ടെങ്കിലും അപേക്ഷയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.<br>അപേക്ഷയോടൊപ്പം വേണ്ട മുകളിൽ ചേർത്തിരിക്കുന്ന മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 5 | ചേപ്പാട് | പൂജ SHG, വാർഡ് - 10 | രണ്ട് ഗ്രൂപ്പും അപേക്ഷ ഹാജരാക്കിയിട്ടുണ്ടെങ്കിലും അപേക്ഷയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല.<br>അപേക്ഷയോടൊപ്പം വേണ്ട മുകളിൽ ചേർത്തിരിക്കുന്ന മറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 6 | | ജോർജ്ജ് ലോപ്പസ്, കൈനക്കാട്ടുശ്ശേരിൽ, വാർഡ് - 4 | ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനായുള്ള പ്രോജക്ടിലുൾപ്പെടുത്തി വ്യക്തിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ട താണ്. ഇവർ എതെങ്കിലും ഗ്രൂപ്പിലെ അംഗമാണെങ്കിൽ അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട്. |

ലക്ഷക്കണക്കിനു രൂപ കൃഷിക്കായി ചെലവു വരുത്തുമ്പോഴും പ്രോജക്ടുകൾക്ക് എന്തു സംഭവിക്കുന്നു എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ, മോണിറ്ററിംഗ് സമിതിയോ പരിശോധിക്കുന്നില്ല. ചെലവുരേഖകൾ പൂർണ്ണമല്ലാത്തതും മോണിറ്ററിംഗ് സംബന്ധിച്ച് യാതൊരു വിവരവും നൽകാത്തതുമായ 12യൂണിറ്റുകൾക്കായി ചെലവു വന്ന 250020രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10(ബി) ഇഞ്ചി കൃഷി - അർഹതാരേഖകളില്ലാതെ ആനുകൂല്യവിതരണം നടത്തി. മോണിറ്ററിംഗ് ഇല്ല

ഇഞ്ചികൃഷി വികസനം (പ്രോജക്ട് നം. S0072/17) പ്രോജക്ടിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്തിലെ 92ഗ്രൂപ്പുകൾക്കായി 3220kg വിത്ത് ഇഞ്ചിയും (1kg@39) 13800kg വേപ്പിൻപിണ്ണാക്കും

(1kg@25.80) 184kg സ്യൂഡോമോണസും (1kg@70) വാങ്ങിയിട്ടുണ്ട്. ഒരു യൂണിറ്റിൽ 35kg വിത്ത് ഇഞ്ചി, 150kg വേപ്പിൻപിണ്ണാക്ക്, 2kg സ്യൂഡോമോണസ് എന്നിവയാണ് ഉൾപ്പെടുന്നത്. ഇഞ്ചി, വേപ്പിൻപിണ്ണാക്ക് എന്നിവയ്ക്ക് 75% സബ്സിഡിയും സ്യൂഡോമോണസിന് 50% സബ്സിഡിയുമാണ്.

ബിൽ നം - 070160/16-17 തീ.30.3.17 -- 367540/- (യൂണിറ്റിന് 3995/-രൂപ നിരക്കിൽ 92 യൂണിറ്റ്)

അപാകതകൾ

1. ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 8ഗ്രാമപഞ്ചായത്തുകളിലെ കൃഷിഓഫീസർമാരുടേയും ആനുകൂല്യം ലഭിച്ച ഗ്രൂപ്പുകളുടേയും കൈപ്പറ്റ് രസീത് പ്രകാരം 89ഗ്രൂപ്പുകൾ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളത്. മുതുകുളം ഗ്രാമപഞ്ചായത്തിൽ നിന്ന് 12 ഗ്രൂപ്പുകൾ ഗുണഭോക്തൃവിഹിതം ഒടുക്കിയെങ്കിലും നവശ്രീ കുടുംബശ്രീ, ശ്രീദുർഗ്ഗ SHG, ഗുരുപ്രിയ കുടുംബശ്രീ എന്നീ ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകിയിട്ടില്ല. 9 ഗ്രൂപ്പുകൾക്കുള്ള ഇഞ്ചികിറ്റ് മാത്രമാണ് മുതുകുളം കൃഷി ഓഫീസർ കൈപ്പറ്റിയിട്ടുള്ളതും വിതരണ രേഖകൾ ഹാജരാക്കിയിട്ടുള്ളതും. ആയതിനാൽ 3ഗ്രൂപ്പുകൾക്കായി ചെലവഴിച്ച വികസനഫണ്ട് വിഹിതം 11988.5 രൂപ (വിത്ത് ഇഞ്ചി - 3x35x39x75/100=3071, സ്യൂഡോമോണസ് - 3x2x70x50/100=210, വേപ്പിൻ പിണ്ണാക്ക് - 3x150x25.80x75/100=8707.5) അനുവദിക്കുന്നില്ല.

2.അർഹതാരേഖകളില്ല

ഫയലും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന ഗ്രൂപ്പുകൾക്ക് അപേക്ഷയും ആവശ്യമായ രേഖകളും ഇല്ലാതെയാണ് ആനുകൂല്യം നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 8ഗ്രാമപഞ്ചായത്തുകളിലെയും കൃഷിഓഫീസർമാർ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത് എന്നും ഓഡിറ്റിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ സമാഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തുന്നതാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ കണ്ടല്ലൂർ ഒഴികെയുള്ള കൃഷി ഭവനുകളിൽ നിന്നും അവശ്യവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | ഗ്രാമപഞ്ചായത്തിന്റെ പേര് | ആനുകൂല്യം ലഭിച്ച ഗ്രൂപ്പ് / വ്യക്തികളുടെ വിവരം | നൽകിയ ആനുകൂല്യത്തിന്റെ വിശദാംശം | അപാകതകൾ |
|---|---|---|---|---|
| 1 | ആറാട്ടുപുഴ | സ്വപ്ന | 1 യൂണിറ്റ് | ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനായുള്ള പ്രോജക്ടിലുൾപ്പെടുത്തി വ്യക്തിയ്ക്ക് ആനുകൂല്യം നൽകി. ഇവർ ഏതെങ്കിലും ഗ്രൂപ്പിലെ അംഗമാണെങ്കിൽ അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് ഇവ സൂക്ഷിച്ചിട്ടില്ല. |
| 2 | ദേവികുളങ്ങര | 15 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി | 15 യൂണിറ്റ് | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് |

| | | | | |
|---|---|---|---|---|
| | | | | റിപ്പോർട്ട് |
| 3 | ചിങ്ങോലി | 2 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി | 2 യൂണിറ്റ് | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് |
| 4 | പത്തിയൂർ | 25 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി | 25 യൂണിറ്റ് | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് |
| 5 | ചേപ്പാട് | 12 ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകി | 12യൂണിറ്റ് | അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മതപത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട് |
| 6 | | ജോർജ്ജ് ലോപ്പസ്, കൈനക്കാട്ടുശ്ശേരിൽ, വാർഡ് - 4 | 1യൂണിറ്റ് | ഗ്രൂപ്പുകൾക്ക് ആനുകൂല്യം നൽകുന്നതിനായുള്ള പ്രോജക്ടിലുൾപ്പെടുത്തി വ്യക്തിക്ക് ആനുകൂല്യം നൽകി. ടിയാൻഎതെങ്കിലും ഗ്രൂപ്പിലെ അംഗമാണെങ്കിൽ അപേക്ഷ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ രേഖകൾ, ഗ്രൂപ്പ് അംഗങ്ങളുടെ പേരും മേൽവിലാസം, കൃഷിഭൂമിയുടെ കരം ഒടുക്കിയ രസീത്, ഭൂമി പാട്ടത്തിനെടുത്താണ് കൃഷി ചെയ്യുന്നതെങ്കിൽ ഉടമയുടെ സമ്മത പത്രം, കൃഷി ഓഫീസറുടെ പരിശോധന റിപ്പോർട്ട്, മോണിട്ടറിങ് റിപ്പോർട്ട്. |
| ആകെ | | | 56 യൂണിറ്റ് | |

ലക്ഷക്കണക്കിനു രൂപ കൃഷിക്കായി ചെലവു വരുത്തുമ്പോഴും പ്രോജക്ടുകൾക്ക് എന്തു സംഭവിക്കുന്നു എന്നത് നിർവ്വഹണ ഉദ്യോഗസ്ഥനോ, മോണിറ്ററിംഗ് സമിതിയോ പരിശോധിക്കുന്നില്ല. ചെലവുരേഖകൾ പൂർണ്ണമല്ലാത്തതും മോണിറ്ററിംഗ് സംബന്ധിച്ച് യാതൊരു വിവരവും നൽകാത്തതുമായ യൂണിറ്റുകൾക്കായി വന്ന ചെലവു തുക 223720/-രൂപ (56യൂണിറ്റ് @3995) തടസ്സപ്പെടുത്തുന്നു.

## 3-11 സമഗ്രപച്ചക്കറി വികസനം ക്ലസ്റ്ററുകൾ വഴി -പ്രോജക്ടിലെ അപാകതകൾ

സമഗ്രപച്ചക്കറി വികസനം ക്ലസ്റ്ററുകൾ വഴി എന്ന പേരിൽ ഗ്രോബാഗ് വിതരണത്തിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. ബിൽനം. 3/16-17 dtd.30-3-2017 പ്രകാരം 635030/- രൂപ പദ്ധതി വിഹിതവും 212520/-

രൂപ ഗുണഭോക്തൃവിഹിതവും അഗ്രോസർവ്വീസ് സെന്റർ മുതുകുളത്തിന് നൽകിയിട്ടുണ്ട്. ഇവിടെനിന്നും വളം നിറച്ച ഗ്രോബാഗുകൾ വിവിധ പഞ്ചായത്തുകളിലെ കൃഷി ഭവനകൾക്ക് നൽകുകകയാണ് നിർവ്വഹണഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്.

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.സബ്സിഡി നിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ പ്രത്യേകം നിഷ് കർഷിച്ചിട്ടുള്ളവക്കൊഴികെ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവാദമില്ല. ഗ്രോബാഗ് വിതരണം ക്ളസ്റ്റർ വഴി എന്ന പേരിൽ നടപ്പാക്കിയെങ്കിലും ചിങ്ങോലി, ദേവികുളങ്ങര ഒഴികെയുള്ള പഞ്ചായത്തുകൾ വ്യക്തികൾക്കാണ് ആനുകൂല്യം നൽകിയത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ക്ലസ്റ്ററുകൾ രൂപീകരിക്കുകയും, ടി ക്ലസ്റ്ററിൽ നിന്ന് ഒരു കർഷകനെ കൺവീനറായി തെരഞ്ഞെടുക്കുകയും കൺവീനർ വഴി ഗുണഭോക്തൃവിഹിതം ഒടുക്കുകയും ഗ്രോബാഗ് വിതരണം നടത്തുകയും ചെയ്തു എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ക്ലസ്റ്ററുകൾ രൂപീകരിച്ചതിന്റെ പൂർണ്ണമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ല.

2.ഗ്രാമപഞ്ചായത്തുകളും സ്വന്തമായി ഏറ്റെടുത്തിട്ടുള്ള ഈ പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് വഴിയും വകുപ്പ് വഴിയും ആനുകൂല്യം കിട്ടിയവർക്കല്ല വീണ്ടും ആനുകൂല്യം നൽകുന്നത് എന്ന് ഉറപ്പാക്കിയിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഈ ഗുണഭോക്താക്കൾ മറ്റ് പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരല്ല എന്നകാര്യം കൃഷി ഓഫീസർമാർ 100% ഉറപ്പു വരുത്തിയിരുന്നു എന്ന് അറിയിക്കുകയുണ്ടായി. എന്നാൽ ഒരു കൃഷി ഓഫീസർമാരും ഇപ്രകാരം ഒരു സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കപ്പെടുന്നതു വരെ ചെലവു തുക 635030 രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 വാഹനങ്ങളുടെ ലോഗ് ബുക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന് രണ്ടു വാഹനങ്ങളാണ് ഉള്ളത്. ഈ വാഹനങ്ങളുടെ ലോഗ് ബുക്കിലെ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

1.KL-29 H 6646 സൈലോ കാർ

എ). വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ യഥാർത്ഥത്തിലും അധികമായ ദൂരം രേഖപ്പെടുത്തിയിരിക്കുന്നു.

| തീയതി. | യാത്ര ചെയ്ത സ്ഥലം. | ദൂരം |
|---|---|---|
| 12.05.16. | മുതുകുളം -കായംകുളം. | 94 KM |
| 19.05.16 | മുതുകുളം - ആലപ്പുഴ. | 122 KM |
| 25.02.17 | മുതുകുളം - ആലപ്പുഴ. | 148 KM |

യഥാർത്ഥത്തിലും അധികമായ ദൂരം രേഖപ്പെടുത്തിയതിനാൽ ഓടിയ കിലോമീറ്ററിലും ഉപയോഗിച്ച ഇന്ധനത്തിന്റെ അളവിലും യാതൊരു കൃത്യതയും ഇല്ല എന്നത് വ്യക്തമാവുന്നു.

ബി). ഒരേ സ്ഥലത്തേക്കുള്ള യാത്രകൾക്ക് വ്യത്യസ്ഥ തീയതികളിൽ വ്യത്യസ്ഥ ദൂരം രേഖപ്പെടുത്തിയിരിക്കുന്നു.

| തീയതി. | യാത്ര ചെയ്ത സ്ഥലം. | ദൂരം. |
|---|---|---|
| 11.05.16. | മുതുകുളം -കായംകുളം. | 64 KM. |

| | | |
|---|---|---|
| 12.05.16 | മുതുകുളം - കായംകുളം. | 94 KM. |
| 14.05.16 | മുതുകുളം - കായംകുളം. | 39 km. |
| 17.05.16 | മുതുകുളം - ആലപ്പുഴ. | 86 KM. |
| 19.05.16 | മുതുകുളം - ആലപ്പുഴ. | 122 KM. |
| 13.05.16 | മുതുകുളം - ആലപ്പുഴ. | 120KM. |
| 28.05.16 | മുതുകുളം - ആലപ്പുഴ. | 101 KM. |
| 01.09.16 | മുതുകുളം - ആലപ്പുഴ. | 117 KM. |

തീയതികൾക്കനുസരിച്ച്, ഒരു സ്ഥലത്തേക്കുള്ള യാത്രയുടെ ദൂരത്തിൽ വ്യത്യാസം വരുന്നത് എങ്ങനെയെന്ന് വിശദമാക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും ഇത് ശ്രദ്ധിക്കുന്നില്ല എന്നത് സർക്കാർ വാഹനത്തിന്റെ ഉപയോഗ ക്രമം വ്യക്തമാക്കുന്ന രജിസ്റ്ററിന്റെ പരിപാലനത്തിലെ ഉദാസീനതയുടെ തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു.

സി.വാഹനത്തിൽ ഇന്ധന ഉപഭോഗത്തിന്റെ സംക്ഷിപ്തം തയ്യാറാക്കിയിട്ടുണ്ടെങ്കിലും അത് സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി.യാത്രകളിൽ പീരിയഡ് ഓഫ് ഹാൾട്ട് രേഖപ്പെടുത്തുന്നില്ല.

ഇ. വാഹനത്തിന്റെ റിപ്പയർ, ഇന്ധന രജിസ്റ്റർ ഹാജരാക്കിയില്ല.

എഫ്.ലോഗ് ബുക്കിലെ തുടർന്നുള്ള യാത്രാവിവരങ്ങൾ പരിശോധിച്ചതിൽ യാത്രയുടെ ഉദ്ദേശ്യം വ്യക്തമാക്കാതെ മിക്ക ദിവസങ്ങളിലും (09/2017 മുതലുള്ള കാലയളവിൽ)രാവിലെ (7am നും 10 am നും ഇടയിൽ) മുതുകുളം -കായംകുളം യാത്ര പോയതായി രേഖപ്പെടുത്തിയിരിക്കുന്നു. ഔദ്യോഗിക ആവശ്യത്തിനായല്ലാതെ വാഹനം ദുരുപയോഗം ചെയ്യുന്നുണ്ട് എന്നതാണ് ഇത് വ്യക്തമാക്കുന്നത്. ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം ഔദ്യോഗിക ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്താൻ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. വിഷയം ഭരണവകുപ്പ് പരിശോധിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

2.KL-29F 184-ടൊയോട്ടോ ക്വാളിസ് (പ്രസിഡന്റിന്റെ ഔദ്യോഗിക വാഹനം.)

1. ജനുവരി,2017 വരെയുള്ള കാലയളവിൽ ഇന്ധനം അടിച്ചതിന്റെ വിവരം, ഇന്ധന ഉപഭോഗത്തിന്റെ മാസാന്ത്യ സംക്ഷിപ്തം എന്നിവ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. സെക്രട്ടറിയോ സെക്രട്ടറി ചുമതലപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3.11.11.2013 ന ശേഷം വാഹനത്തിന്റെ ഇന്ധന ഉപഭോഗം ടെസ്റ്റ് ചെയ്തതിന്റെ വിവരം ഇല്ല.

4. യഥാർത്ഥത്തിലും അധികമായതും ഒരു സ്ഥലത്തേക്കുള്ള യാത്രകളിൽ തന്നെ വ്യത്യസ്ഥ ദൂരവും രേഖപ്പടുത്തിയിരിക്കുന്നു.

| തീയതി | യാത്ര ചെയ്ത സ്ഥലം | ദൂരം |
|---|---|---|
| 25.07.16 | മുതുകുളം - ആലപ്പുഴ ജില്ലാപഞ്ചായത്ത് | 93 KM |
| 17.11.16 | മുതുകുളം - ആലപ്പുഴ ജില്ലാപഞ്ചായത്ത് | 105 KM |
| 09.02.17 | മുതുകുളം - ആലപ്പുഴ ജില്ലാ പഞ്ചായത്ത് | 110 KM |

യാത്രകൾക്കാനുപാതികമായുള്ള കൃത്യമായ ദൂരം രേഖപ്പെടുത്താനും രേഖപ്പടുത്തലുകളിലെ കൃത്യത ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

5.വാഹനത്തിന്റെ 12.07.16 മുതലുള്ള ലോഗ്ബുക്കാണ് ഹാജരാക്കിയത്.01.04.16 മുതൽ 11.07.16 വരെയുള്ള ലോഗ്ബുക്ക് ഹാജരാക്കിയില്ല.

6.വാഹനത്തിന്റെ റിപ്പയർ, ഇന്ധന രജിസ്റ്റർ ഹാജരാക്കിയില്ല.

രണ്ടു വാഹനങ്ങളുടെയും ലോഗ് ബുക്കിലെ ഈ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.20/24.11.17 ന് മറുപടി നൽകിയില്ല.

## 3-13 ഐ.എ.വൈ ഗ്രാമ -ജില്ലാ പഞ്ചായത്ത് വിഹിതം -വരവ്-ചെലവ് വിവരം

ഐ.എ.വൈ.പദ്ധതി - ഗ്രാമ -ജില്ലാ പഞ്ചായത്ത് വിഹിതം- ലഭിച്ചതും ലഭിക്കേണ്ടതും ചെലവഴിച്ചതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | ടാർജറ്റ് | | ലഭിയ്ക്കേണ്ടത് | | ലഭിച്ചത് | |
|---|---|---|---|---|---|---|---|
| | | ജനറൽ | എസ്.സി. | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| 1. | ആറാട്ടുപുഴ | 6 | 5 | 1,20,000 | 1,00,000 | 6,20,000 | 366310 |
| 2. | ചേപ്പാട് | 4 | 4 | 80,000 | 80,000 | 60,000 | 1770000 |
| 3. | ചിങ്ങോലി | 3 | 3 | 60,000 | 60,000 | 60,000 | 2,40,000 |
| 4. | ദേവികുളങ്ങര | 4 | 4 | 80,000 | 80,000 | 60,000 | 3,20,000 |
| 5. | കണ്ടല്ലൂർ | 4 | 4 | 80,000 | 80,000 | 20,000 | 9,14,000 |
| 6. | കൃഷ്ണപുരം | 5 | 5 | 1,00,000 | 1,00,000 | 3,20,000 | 5,60,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| 7 | മുതുകുളം | 4 | 4 | 80000 | 80000 | 8,15,800 | 36,70,000 |
| 8 | പത്തിയൂർ | 7 | 5 | 1,40,000 | 1,00,000 | 2,20,000 | 9,60,000 |
| | ആകെ | 37 | 34 | 7,40,000 | 6,80,000 | 2175800 | 8800310 |

ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിച്ചതിൽ ജനറൽ വിഭാഗത്തിൽ 10,63,650 /- രൂപയും എസ്.സി വിഭാഗത്തിൽ 13,07,500/- രൂപയുമാണ് ചെലവഴിച്ചത് എന്നാണ് ഓഡിറ്റ് അന്വേഷണം നം.19/24.11.2017 ന് മറുപടി നൽകിയത്.

| ജില്ലാപഞ്ചായത്ത് | ടാർജറ്റ് | | ലഭിക്കേണ്ടത് | | ലഭിച്ചത് | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി | ജനറൽ | എസ്.സി. |
| | 37 | 34 | 10,36,000 | 9,52,000 | 7237947 | 25,76,000 |

ജില്ലാ പഞ്ചായത്ത് വിഹിതത്തിൽ ജനറൽ വിഭാഗത്തിൽ 23,71,875/- രൂപയും എസ്.സി വിഭാഗത്തിൽ 29,85,600/- രൂപയുമാണ് ചെലവഴിച്ചത്. എസ്.സി വിഭാഗത്തിൽ വരവിലും അധികം തുക ചെലവഴിച്ച എന്നതിൽ നിന്നും മുൻ വർഷങ്ങളിലെ തുകയിൽ നീക്കിയിരുപ്പുണ്ടായിരുന്ന എന്നതാണ് വ്യക്തമാകുന്നത്.

ചില പഞ്ചായത്തുകൾ പദ്ധതിയ്ക്കായി അധികം തുക നൽകുമ്പോൾ മറ്റുള്ളവ ടാർജറ്റ് പ്രകാരം ആവശ്യമായ തുക നൽകുന്നില്ല. പഞ്ചായത്ത് തിരിച്ചുള്ള ചെലവ് വിവരം നൽകാൻ കഴിയാത്തതിൽ നിന്നും ഇത് സംബന്ധിച്ച് കൃത്യമായ കണക്കുകൾ സ്ഥാപനത്തിലില്ല എന്നതാണ്.

സാമ്പത്തിക വർഷം അവസാനിയ്ക്കുന്നത് വരെ ചെലവഴിയ്ക്കാൻ കഴിയാത്ത തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് തിരികെ നൽകണമെന്നും ആവശ്യത്തിന് തുക നൽകാത്തവരിൽ നിന്നും വരും വർഷം ആയത് ക്രമപ്പെടുത്തണം എന്നമാണ് ധനവിനിയോഗത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും മുൻ വർഷങ്ങളിലുൾപ്പെടെ അത് പാലിച്ചിട്ടില്ല. പദ്ധതിനിർവഹണത്തിൽ ധനവിനിയോഗ നിർദ്ദേശങ്ങൾ പാലിയ്ക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-14 ഐ.എ.വൈ പദ്ധതി - ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

ഐ.എ.വൈ രജിസ്റ്റർ പരിശോധിച്ചതിൽ 2012-13 മുതൽ 2015-16 വരെ ആനുകൂല്യം കൈപ്പറ്റിയ 1625പേരിൽ 89പേർ നാളിതു വരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതിൽ 29 പേർ ഒന്നാംഗഡു മാത്രം കൈപ്പറ്റിയവരാണ്.

നിർമ്മാണം പൂർത്തിയാക്കാത്തവരുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എഗ്രിമെന്റ് വെച്ചത് | പൂർത്തീകരിയ്ക്കാത്തത് |
|---|---|---|
| 2012-13 | 610 | 12 |
| 2013-14 | 350 | 21 |
| 2014-15 | 293 | 09 |
| 2015-16 | 372 | 47 |
| ആകെ. | 1625 | 89 |

ഇതിൽ 24 പേരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനായി ആർ.ആർ നടപടി ആരംഭിച്ചിട്ടുണ്ടെന്നാണ്

ഓഡിറ്റ് അന്വേഷണം നം.19/24.11.17 നുള്ള മറുപടിയിൽ അറിയിച്ചത്. പി.എം.എ.വൈ പദ്ധതിയിൽ തൻവർഷം എഗ്രിമെന്റ് വെച്ച അൻപത് ഗുണഭോക്താക്കളിൽ പതിനാറ് പേർ പണി പൂർത്തിയാക്കിയിട്ടുണ്ട്. ഐ.എ.വൈ പദ്ധതിയിൽ പണി പൂർത്തിയാക്കാനവശേഷിക്കുന്ന ഗുണഭോക്താക്കളെ പി.എം.എ.വൈ പദ്ധതിയിലുൾപ്പെടുത്തി പണി പൂർത്തിയാക്കാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-15 വിഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം - പ്രോജക്ട് നിർവ്വഹണത്തിൽ ന്യൂനത – ചെലവ് തുക തടസ്സപ്പെടുത്തുന്നു

സി.ഡി.പി.ഒ. നിർവ്വഹണം നടത്തിയ വിഭിന്നശേഷിയുള്ളവർക്ക് മുച്ചക്രവാഹനം നൽകുന്നതിനുള്ള പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ജനറൽ (പ്രോജക്ട് നം.SOO85/17, ചെലവ് - ബിൽ നം.ICDS/BIB/2/16-17 തീ.30.3.17 - 2691360) എസ്സ്.സി. (പ്രോജക്ട് നം.SOO21/17,ചെലവ് - ബിൽ നം.ICDS/BIB/3/16-17 തീ.31.3.17 -256320) വിഭാഗങ്ങളിലായി യഥാക്രമം 42 ഉം 4 ഉം ഗുണഭോക്താക്കൾക്ക് 64080 രൂപ ക്രമത്തിൽ ഈസ്റ്റ് വെനീസ് മോട്ടേഴ്സിൽ നിന്നും ഹീറോ ഡ്യൂയറ്റ് സ്കൂട്ടർ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്കൂട്ടർ മറ്റാർക്കും കൈമാറ്റം ചെയ്യില്ലന്ന മുദ്രപത്രത്തിലെ കരാറിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് വാഹനം നൽകിയിട്ടുള്ളത്. സ്കൂട്ടർ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകിയതാണെന്നും കൈമാറ്റം ചെയ്യാൻ പാടില്ലെന്നും ആർ.സി.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരമുള്ള രേഖപ്പെടുത്തൽ ഇല്ലാതെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ കൈവശം സൂക്ഷിച്ചിട്ടുള്ള മുദ്രപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഗുണഭോക്താക്കൾ വാഹനം കൈമാറ്റം ചെയ്യില്ലന്നത് നിർവ്വഹണ ഉദ്യോഗസ്ഥ എപ്രകാരം ഉറപ്പ് വരുത്തുമെന്ന് വ്യക്തമല്ല. 21.02.2017മുതൽ 28.02.2017വരെ നടന്ന ഓഡിറ്റ് വേളയിലും ഈ വിഷയം ചൂണ്ടികാണിച്ചിട്ടും 16-17 ലെ പദ്ധതി നിർവ്വഹണത്തിൽ ഇക്കാര്യം ശ്രദ്ധിക്കാതിരുന്നത് ശരിയായ നടപടിയല്ല. സ്കൂട്ടർ നൽകിയ ജനറൽ വിഭാഗത്തിലെ 40 പേരും എസ്സ്.സി.വിഭാഗത്തിലെ 3 പേരും 6 മാസത്തെ വാലിഡിറ്റി മാത്രമുള്ള ലേണേഴ്സ് ലൈസൻസാണ് ഹാജരാക്കിയത്. ഗുണഭോക്താക്കളുടെ ഇൻവാലിഡ് ക്യാരേജ് ലൈസൻസ് പരിശോധനയ്ക്ക് ലഭ്യമാക്കാനും അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 10 തീയതി.20.11.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ടിനായി ചെലവഴിച്ച 2947680/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-16 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - S0050/17

അടങ്കൽ - 780000 വികസനഫണ്ട് സാധാരണവിഹിതം

ചെലവ് - ബിൽ നമ്പർ -ICDS/B13/1/16-17 തീ.22.3.27 – 780000

നിർവ്വഹണം - സി.ഡി.പി.ഒ.

1. ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 780000/- രൂപ 8 ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയിട്ടുണ്ട്. ഇതിൽ ആറാട്ടുപുഴ, കൃഷ്ണപുരം ഗ്രാമപഞ്ചായത്തുകൾക്കായി നൽകിയ യഥാക്രമം 140514/-, 145359/- രൂപയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കാത്തതിനാൽ 285873/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
2. ചിങ്ങോലി ഗ്രാമപഞ്ചായത്തിന് നൽകിയ 47969/- രൂപയിൽ ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 2031 രൂപ സംബന്ധിച്ച് ചിങ്ങോലി ഗ്രാമപഞ്ചായത്തിന്റെ 16-17 ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ തുക തിരികെ ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം

ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കാതെ പഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള 2031/- രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 9 തീയതി.20.11.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-17 വിനിയോഗ വിവരങ്ങളുടെ അഭാവത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി പിൻവലിച്ച് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം.,പേര്. | തുക, ബിൽ നം. |
|---|---|---|
| 1. | കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഇരട്ടവീട് ഒറ്റ വീടാക്കൽ. (പ്രോജക്ട് നം.84/17) | 3,00,000/- (34/16-17/18.03.17) |
| 2. | കണ്ടല്ലൂർ പഞ്ചായത്തിൽ പുന്നപ്ര കേശവൻ റോഡ് ഗ്രാവലിംഗും ഓടനിർമ്മാണവും.(പ്രോജക്ട് നം.77/17) | 2,10,000/- (33/16-17/18.03.17) |
| 3. | കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ കുറ്റിയിൽ മുക്ക്-മറ്റ് മുക്ക് റോഡ് മെറ്റലിംഗ്,ടാറിംഗ്. (പ്രോജക്ട് നം.45/17) | 2,60,000/- (28/16-17/18.03.17) |
| 4. | ദേവികുളങ്ങര ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ. (പ്രോജക്ട് നം.31/17) | 1,20,000/- (11/16-17/27.10.16) |
| 5. | ജലനിർഗമനത്തിന് പൈപ്പ് വാങ്ങൽ. (പ്രോജക്ട് നം.39/17) - ആറാട്ടുപുഴ പഞ്ചായത്തിന് നൽകിയത് | 3,90,000/- (38/16-17/24.03.17) |
| | മുതുകുളം പഞ്ചായത്തിന് നൽകിയത് | 1,00,000/- (39/16-17/24.03.17) |
| 6. | ദേവികുളങ്ങര കരിശ്ശംമൂട്-തിരുവാറ്റ റോഡ് കോൺക്രീറ്റിംഗ്. (പ്രോജക്ട് നം.41/17) | 2,60,000/- (29/16-17/18.03.17) |
| 7. | കൃഷ്ണപുരം ബഡ്സ് സ്കൂളിന് ഉപകരണങ്ങൾ വാങ്ങൽ. (പ്രോജക്ട് നം.30/17) | 3,00,000/- (12/16-17/27.10.16) |
| 8. | ദേവികുളങ്ങര കൈതവന-കന്നേലിത്തറ റോഡ് കോൺക്രീറ്റിംഗ്. (പ്രോജക്ട് നം.46/17) | 2,60,000/- (31/16-17/18.03.17) |
| 9. | ചിങ്ങോലി പഞ്ചായത്തിലെ കൊച്ചുവീട്ടിൽ -അങ്കണവാടി റോഡ് റീ ടാറിംഗ്. (പ്രോജക്ട് നം.42/17) | 5,20,000/- (23/16-17/31.01.17) |

| | | |
|---|---|---|
| 10. | കണ്ടല്ലൂർ പഞ്ചായത്തിലെ മുട്ടം-മാടമ്പിൽ റോഡ് ടാറിംഗ്.<br>(പ്രോജക്ട് നം.51/16-17) | 5,12,000/-<br>(20/16-17/31.01.17) |
| 11. | കോലടുത്ത് കാവ്-വാഴുവേലിൽ റോഡ് ടാറിംഗ്.<br>(പ്രോജക്ട് നം.52/16-17) | 3,00,000/-<br>(21/16-17/31.01.17) |
| 12. | കൃഷ്ണപുരം ഗ്രാമപഞ്ചായത്തിലെ വാർഡ് 12-ലെ പമ്പ് ഹൗസ് കളക്കാട്ട് റോഡ് റീ ടാറിംഗ്. (പ്രോജക്ട് നം.44/16-17) | 2,60,000/-<br>(32/16-17/18.03.17) |
| 13. | ജില്ലാ പ്ലാനിംഗ് ഓഫീസ്, ആലപ്പുഴയുടെ കെട്ടിടനിർമ്മാണ ഫണ്ട് വിഹിതം. (പ്രോജക്ട് നം.20/16-17)<br>കൈപ്പറ്റ് രസീത് ഇല്ല. | 1,13,317/-<br>(9/16-17/30.09.16) |
| 14 | ഐ.എ.വൈ അധിക സഹായം 2015-16 (സ്പിൽ ഓവർ, SCP) (പ്രോജക്ട് നം.15, ചെലവ് രേഖകൾ ഹാജരാക്കിയില്ല.) | 42,96,000/-<br>(7/16-17/30.09.16 ) |
| 15. | അരിവണ്ണൂർകുറ്റി എസ്.റ്റി കോളനിയിൽ RO പ്ലാന്റ് നിർമ്മാണം. | 5,00,000/-<br>(36/16-17 /18.03.17) |
| | ആകെ. | 87,01,317/- |

ക്രമ നം.ഒന്ന് മുതൽ പതിമൂന്ന് വരെയും 15 ലെയും ചെലവിന്റെ വിനിയോഗ വിവരങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 5/20.11.2017 ന് മറുപടി നൽകി. ക്രമ നം. 14 - ൽ ഹാജരാക്കാത്ത ഫയൽ സംബന്ധിച്ച് മറുപടി നൽകിയില്ല.

## 3-18 റോഡുകളുടെ നവീകരണം പദ്ധതികൾ ചട്ടങ്ങൾക്കും പദ്ധതി നിർദ്ദേശങ്ങൾക്കും വിരുദ്ധം

കേരള പഞ്ചായത്ത് രാജ് ചട്ടം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക പ്രകാരം ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലുള്ള റോഡുകൾ മാത്രമേ ബ്ളോക്കുപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നുള്ളൂ. പന്ത്രണ്ടാം പദ്ധതി നിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുന്ന ആറ് മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ നടപ്പിലാക്കാം. എന്നാൽ നടപ്പ് സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ റോഡ് നവീകരണ പദ്ധതികൾ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കി ഡി.പി.സിക്കു സമർപ്പിച്ച പ്രോജക്ടുകളിൽ റോഡിന്റെ വീതി 6മീറ്റർ എന്നു രേഖപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയത് എങ്കിലും ഗ്രാമപഞ്ചായത്തുകളുടെ അസറ്റ് രജിസ്റ്റർ പരിശോധനയിൽ ഈ റോഡുകളെല്ലാം 6 മീറ്ററിൽ താഴെ മാത്രം വീതിയുള്ളവയാണെന്നു കാണുന്നു. ഇതിൽ നിന്നും ഡി.പി.സി യെ തെറ്റിദ്ധരിപ്പിച്ചാണ് പദ്ധതികൾക്ക് അംഗീകാരം വാങ്ങിയതെന്നാണ് വ്യക്തമാകുന്നത്. പഞ്ചായത്ത് രാജ്ചട്ടങ്ങൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടുന്നവയും പദ്ധതി നിർദ്ദേശങ്ങൾ പ്രകാരം അനുവദനീയമായതുമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ആസ്തി രജിസ്റ്റർ കാലികമാക്കൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ആസ്തി വിവരശേഖരണം 2005-2006-ൽ പൂർത്തിയാക്കി രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയിട്ടുള്ളതിനാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലാകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കുന്നതിനായി 13-01-2010 - ൽ 58608/DB2/2009/LSGD സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അധീനത യിലുള്ള പുറംമ്പോക്ക് ഭൂമിയുടെ വിവരങ്ങൾ പ്രത്യേകഫാറത്തിൽ തയ്യാറാക്കുന്നതിന് നിർദ്ദേശിച്ചിരുന്നു എങ്കിലും അതും പ്രാവർത്തികമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷാരംഭത്തിൽ മൊബൈൽ മാപ്പിംഗ് വഴി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് കർശ്ശന നിർദ്ദേശം നൽകിയിരുന്നു. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ 2013-14ൽ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുള്ളതാണ് എന്നും തുടർന്നുള്ള മൂന്ന് വർഷങ്ങളിലെ ആസ്തികൾ കൂട്ടിചേർക്കുന്നതിനുള്ള ഡാറ്റാ എൻട്രി നടന്നു വരുകയാണ് എന്നും ഇത് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കാം എന്നുമാണ് അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ വാർഷികകണക്കുകൾ അക്രൂവൽ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനാൽ പഞ്ചായത്തിന്റെ ആസ്തികളുടെ കൃത്യമായ കണക്കുകൾ വാർഷികകണക്കിന്റെ കൃത്യതയ്ക്ക് ആവശ്യമാണ്. എന്നിട്ടും ആസ്തിരജിസ്റ്ററിലെ അപാകത പരിഹരിക്കാൻ നാളിതുവരെ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. പഞ്ചായത്തിന്റെ ആസ്തികൾ തിട്ടപ്പെടുത്തുകയും അവയുടെ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 3-20 <u>വട്ടച്ചാൽ വടക്കൻ കോയിക്കൽ ടെമ്പിൾ സൈഡ് ഡ്രെയിൻ-ഭൂമിയുടെ ലഭ്യത സംബന്ധിച്ച മാന്വലിലെ വ്യവസ്ഥ പാലിച്ചില്ല</u>

പ്രോജക്ട്നം.64/17

അടങ്കൽ തുക.512000

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 163 മീ.നീളത്തിൽ ഡ്രെയിൻ നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. 29-9-2016 - ൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി. കുറഞ്ഞ നിരക്ക ക്വോട്ടുചെയ്ത ശ്രീ.കരുണാകരൻ എന്നയാൾക്ക് 430745/-രൂപക്ക് കരാർ നല്കി. സെലക്ഷൻ നോട്ടീസ് നൽകി എങ്കിലും ടിയാൻ മരണപ്പെട്ടതിനാൽ തൊട്ടടുത്ത കുറഞ്ഞ തുക ക്വോട്ട് ചെയ്ത ശ്രീ.ഗോപാലകൃഷ്ണപിള്ള എന്നയാളുടെ 434143 രൂപയുടെ ടെണ്ടർ അംഗീകരിച്ചു. 26-12-16 എഗ്രിമെന്റ് വച്ചു.

15-2-2017ൽ അസിസ്റ്റന്റ് എൻജിനീയർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക നൽകിയ കത്തിൽ സ്ഥലം വിട്ടുകിട്ടാത്തതിനാൽ നാളിതുവരെ പ്രവർത്തി തുടങ്ങിയില്ല എന്നും വിട്ടുകിട്ടാത്തഭാഗം ഒഴിവാക്കി 127മീ.പ്രവർത്തി പൂർത്തീകരിക്കാനും അതിനനുസൃതമായി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുവാൻ അനുവദിക്കണമെന്നും അപേക്ഷിക്കുകയും 25-2-2017- ൽ അടിയന്തിരകമ്മറ്റി ഇത് അംഗീകരിച്ച് 127മീറ്റർ മാത്രം നീളത്തിൽ ഓട പണിയാൻ അനുമതി നൽകുകയും ചെയ്തു.

കേരളപൊതുമരാമത്ത് മാന്വൽ സെക്ഷൻ 2003 പ്രകാരം, ടെണ്ടർ ക്ഷണിക്കുന്നതിന് മുമ്പായി തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പു വരുത്തണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ടെണ്ടർക്ഷണിച്ച്, അത് അംഗീകരിച്ച് എഗ്രിമെന്റും വച്ചതിനുശേഷമാണ് ഭൂമി ലഭ്യമാകുന്നതിന് തടസ്സമുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ പ്രവർത്തി നിർവ്വഹണം തുടങ്ങുന്ന വേളയിൽ ഭൂമിയുടെ ലഭ്യത ഉറപ്പാക്കിതരാമെന്ന് ബ്ലോക്ക് പഞ്ചായത്ത് മെമ്പറുടേയും വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും വാക്കാലുള്ള ഉറപ്പിൻമേലാണ് പ്രവർത്തിയുമായി മുന്നോട്ട് പോയത് എന്നും ഓടനിർമ്മാണത്തിന്റെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കാത്ത രീതിയിൽ നിർമ്മാണം പൂർത്തിയാക്കിയതായും അറിയിച്ചു. ഭൂമിയുടെ ലഭ്യത ഉറപ്പാക്കി മാത്രം ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ

ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കിലെ അപാകതകൾ

എ) റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്

സ്ഥാപനത്തിന്റെ 2016-17 വർഷത്തെ വരവ് - ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 47520872 |
| വരവ് | 94167428 |
| ആകെ | 141688300 |
| ചെലവ് | 94080006 |
| നീക്കിയിരുപ്പ് | 47608294 |

1.നീക്കിയിരിപ്പ് തുക പാസ് ബുക്ക്/സ്ക്രോൾ എന്നിവ പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ട്.

2.തനതുഫണ്ട് അക്കൗണ്ടിൽ (കോർപ്പറേഷൻ ബാങ്ക്) റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഉൾപ്പടുത്തിയ ചുവടെ ചേർക്കുന്ന ചെക്കുകൾ കാലാവധി കഴിഞ്ഞതാണ്.

1.ചെക്ക് നം.325114/30.01.15 -12500/-

2.ചെക്ക് നം.325110/06.01.15 -4500/-

ഈ ചെക്കുകൾ റീ വാലിഡേറ്റ് ചെയ്ത് ബന്ധപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല എന്നാണ് ഓഡിറ്റ് അന്വേഷണം ന.4/20.11.2017 ന് മറുപടി നൽകിയത്.

3.എം.പി, എം.എൽ എ ഫണ്ടിൽ നിന്നുള്ള വരവ് ചെലവുകൾ, എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ടെന്റർ ഫോറ വില-വരവ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ഹാജരാക്കിയില്ല.

ബി) ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

സ്ഥാപനത്തിന്റെ തൻവർഷത്തെ ആദായത്തിന്റേയും ചെലവിന്റേയും സംക്ഷിപ്തം താഴെ പ്പറയുന്നു.

| | |
|---|---|
| ആദായം | 69232141 |
| (-) ചെലവ്. | 67732658 |
| സർപ്ലസ് | 1499483 |

ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പ്രയർ പീരീഡ് ഐറ്റത്തിലെ തുക (-480205) വിശദീകരിച്ചില്ല.

സി)ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31.03.2017 ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പ്പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 68173052 |
| (-)റിസർവ്വും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 70679831 |
| പഞ്ചായത്ത് ഫണ്ട് | (-)2506779 |

1.വിവിധ അക്കൗണ്ടുകളിൽ നീക്കിയിരുപ്പുണ്ടെങ്കിലും പഞ്ചായത്ത് ഫണ്ട് (-) ആകാനുള്ള കാരണം വ്യക്തമാക്കിയില്ല.

2.ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

3.RO Plant നായി വാട്ടർ അതോറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക (5,00,000/-), പ്ലാസ്റ്റിക് - ഇ മാലിന്യസംസ്കരണ യൂണിറ്റിന് മുൻകൂർ നൽകിയ (19,50,000/-) എന്നിവ B-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തി സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനായില്ല.

## 4-2. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്തിന് | 2016-17 | 15,00,000 | വൃദ്ധസദനം കെട്ടിട നിർമ്മാണം | 15,00,000 | |

## 4-3.ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, പൊതുമരാമത്ത് കെട്ടിട വിഭാഗം, ആലപ്പുഴ | വൃദ്ധസദനം കെട്ടിട നിർമ്മാണം | 50,00,000 | ---- | 50,00,000 |
| ഐ.ആർ.റ്റി.സി. പാലക്കാട് | വ്യാവസായിക അടിസ്ഥാന ത്തിൽ പ്ലാസ്റ്റിക്, ഇവേസ്റ്റ് എം.ആർ.എഫ്.സി. | 19,50,000 | ---- | 19,50,000 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ,വാട്ടർ അതോറിറ്റി, ആലപ്പുഴ | പത്തിയൂർ പഞ്ചായത്തിലെ അതിയന്നൂർ പട്ടികജാതി കോളനിയിൽ ആർ.ഒ. പ്ലാന്റ് | 5,00,000 | --- | 5,00,000 |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും

വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്. ഭവന നിർമ്മാണ പദ്ധതി | സ.ഉ(സാധാ) നം. 306/11/ ത.സ്വ.ഭ.വ, 7.12.2011 | 2,20,00,500 | 10700250 | 2140050 | | 85,60,200 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

--ഇല്ല--

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 94167428 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94080006 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 120111 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21640268/- |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 48146 | ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 4000+ പലിശ. | ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 3400 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| | | 1900 | ശ്രീ.അനിസ്.ജി, സെക്രട്ടറി |
| 3-8 | | 62665 | ശ്രീ.പി.കെ.അനിൽകുമാർ, എ.ഡി.എ |
| ആകെ | | 120111 | |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 28500 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| | 33150 | ശ്രീ.അനിസ്.ജി,സെക്രട്ടറി |
| 3-6 | 1328978 | രാജീവ്.പി.ആർ, സെക്രട്ടറി |
| 3-7 | 50,00,000 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-9 | 22,06,000 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി |
| 3-10 (എ) | 250020 | ശ്രീ.പി.കെ.അനിൽകുമാർ, എ.ഡി.എ. |
| 3-10(ബി) | 223720 | ശ്രീ.പി.കെ.അനിൽകുമാർ, എ.ഡി.എ. |
| 3-11 | 635030 | ശ്രീ.പി.കെ.അനിൽകുമാർ,എ.ഡി.എ. |
| 3-15 | 2947680 | ശ്രീമതി.എ.സെലിൻ സ്റ്റെല്ലാ മേരി, സി.ഡി.പി.ഒ. |
| 3-16 | 285873 | ശ്രീമതി.എ.സെലിൻ സ്റ്റെല്ലാ മേരി, സി.ഡി.പി.ഒ. |
| 3-17 | 8701317 | ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി. |
| ആകെ. | 21640268 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.വി.ആർ, സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്. | എ.ഡി.സി. ഗ്രാമവികസന വകുപ്പ്, കമ്മീഷണറേറ്റ്, തിരുവനന്തപുരം | രാജീവം,റ്റി.പി.സെന്റർ, മണ്ണാറശ്ശാല.പി.ഒ. |
| ശ്രീമതി.എ.സെലിൻ സ്റ്റെല്ലാ മേരി, സി.ഡി.പി.ഒ. | സി.ഡി.പി.ഒ., അതിയന്നൂർ ബ്ലോക്ക് ഓഫീസ്, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്, ആറാലുംമൂട് (പി.ഒ.) | സൗപർണ്ണിക, കാഞ്ചംപഴിഞ്ഞി (പി.ഒ.) പൂവാർ (വഴി), തിരുവനന്തപുരം |
| ശ്രീമതി.പി.കെ.അനിൽകുമാർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ | എ.ഡി.പി.ഒ., മുതുകുളം | മാധവം, വെസ്റ്റ് ഫോർട്ട്, മാവേലിക്കര |
| ശ്രീമതി.എം.ഷൈനി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നം.81, മംഗലശ്ശേരിൽ, ശങ്കർ നഗർ, കൊല്ലം |
| ശ്രീ.അനിസ്.ജി,സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്. | | പുത്തൻപറമ്പിൽ,മൂലവട്ടം പി.ഒ,കോട്ടയം. |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 മുതൽ 2005-06 വരെ | എൽ.എഫ്.എ.ബി.പി/1477/10/06.12.10 |
| 2006-07മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ.5-ബിപി അദാലത്ത് 26(75), (76), (77), (77(i)/14 തീയതി. 31.03.2014 |
| 2010-11 | എൽ.എഫ്.എ.ബി.പി/1382/11/07.06.2012 |
| 2011-12 | എൽ.എഫ്.എ.ബി.പി/10/2013/06.02.2013 |
| 2012-13 | എൽ.എഫ്.എ.ബി.പി/150/2015/18.02.2015 |
| 2013-14 | എൽ.എഫ്.എ.ബി.പി/719/2015/03.07.15 |

| | |
|---|---|
| 2014-15,<br>2015-16 | കെ.എസ്.എ-എ.എൽ.പി/ബി.പി-242/2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-ബി.പി-1457/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
തീയതി: 08.12.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഭാഗം 4 ഖണ്ഡിക 1ൽ കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുതുകുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

No. KSA-ALP-BP- 1457/2017

Kerala State Audit Department,
District Audit Office,Alappuzha.
Date: 08.12.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Muthukulam Block Panchayat in Alappuzha District for 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Muthukulam Block panchayat for the year 2016-17 except the observations in part 4-1 of the audit report properly presents the picture of receipts and payments.

Senior Deputy Director
Kerala State Audit Department
Alappuzha